# പതിമൂന്നാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി XIV
# (ആഭ്യന്തര കാര്യങ്ങൾ)

## 2014-15 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2015 ജൂലൈ 23-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി XIV

## (ആഭ്യന്തര കാര്യങ്ങൾ)

**2014-15 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

768/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XIV

## (ആഭ്യന്തര കാര്യങ്ങൾ)

## (2013-2016)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ഉമ്മൻ ചാണ്ടി,
മുഖ്യമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. രമേശ് ചെന്നിത്തല,
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. വി. എസ്. അച്യുതാനന്ദൻ

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ശ്രീ. ബെന്നി ബെഹനാൻ*

ശ്രീ. സി. ദിവാകരൻ

ശ്രീ. പി. സി. ജോർജ്

ശ്രീ. മാത്യു റ്റി. തോമസ്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

ശ്രീ. കെ. സുരേഷ് കുറുപ്പ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, അണ്ടർ സെക്രട്ടറി.

---

* ശ്രീ. ബെന്നി ബെഹനാൻ 2014 ഏപ്രിൽ 29-ാം തീയതിയിലെ 535-ാം നമ്പർ ബുള്ളറ്റിൻ—ഭാഗം 2 പ്രകാരം സമിതി അംഗമായി.

## അവതാരിക

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച പതിനാലാം സബ്ജക്ട് കമ്മിറ്റിയുടെ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV (ആഭ്യന്തര കാര്യങ്ങൾ)-ന്റെ നാലാമത് റിപ്പോർട്ട് 9-6-2014-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ 23-10-2014, 25-2-2015, 14-7-2015 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ടുഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിൽ സർക്കാരിൽ നിന്നും മറുപടി ലഭിച്ച ശിപാർശകളും മറുപടികളും രണ്ടാം ഭാഗത്തിൽ മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

2015 ജൂലൈ 14-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഉമ്മൻ ചാണ്ടി,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2015 ജൂലൈ 21.

# റിപ്പോർട്ട്

ഭാഗം 1

## 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും.

ശിപാർശ

2013—മന്ത്രിസഭ

2013-00-101-99—മന്ത്രിമാരുടെ ശമ്പളം

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

കഴിഞ്ഞ സാമ്പത്തിക വർഷം 16,19,876 രൂപ ഈ ഇനത്തിൽ ചെലവ് വന്നിട്ടുള്ളതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 3,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷം 13,06,000 രൂപയാണ് അനുവദിച്ചിരുന്നത്. 21-7-2014-ലെ സ.ഉ. (ആർടി.) നമ്പർ 5605/2014/ധന. നമ്പർ ഉത്തരവ് പ്രകാരം 10,00,000 രൂപ (പത്തു ലക്ഷം രൂപ മാത്രം) അധിക തുകയായി വകയിരുത്തിയിരുന്നു. കൂടാതെ ധനപുനർവിനിയോഗത്തിലൂടെ 28-3-2015-ലെ സ.ഉ. (ആർടി.) നമ്പർ 2886/2015/ധന. നമ്പർ ഉത്തരവ് പ്രകാരം 12,00,000 രൂപ ടി ശീർഷകത്തിൽ അനുവദിക്കുകയും ചെയ്തു.

(സർക്കാർ കത്ത് നമ്പർ 650/ബി.ഡബ്ല്യു2/14/പൊ.ഭ.വ. തീയതി 26-5-2015)

ശിപാർശ

2013-00-104-99—അതിഥി സൽക്കാര ചെലവുകൾ

മുൻവർഷത്തെ ബാദ്ധ്യത തീർക്കുന്നതുൾപ്പെടെയുള്ള ചെലവുകൾക്ക് നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് കാണുന്നതിനാൽ 20,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സർക്കാർ സ്വീകരിച്ച നടപടി

അധിക ധനാനുമതി 20 ലക്ഷം രൂപ ലഭിച്ചു. 63,94,962 രൂപ ചെലവഴിച്ചു.

ശിപാർശ

2013-00-108-99—സഞ്ചാര ചെലവുകൾ

നിലവിലെ ബഡ്ജറ്റ് വിഹിതത്തിനുപുറമെ 50,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സർക്കാർ സ്വീകരിച്ച നടപടി

ശിപാർശയിൽ സൂചിപ്പിച്ചിരിക്കുന്ന തുകകൾ ഒന്നും ഈ ശീർഷകത്തിൽ ലഭിച്ചിട്ടില്ല. ഈ ശീർഷകത്തിൽ നിന്നും 1,99,97,021 രൂപ ചെലവഴിച്ചു.

ശിപാർശ

2013-00-800-97—എം.പി.മാരുടെ സമ്മേളനം സംബന്ധിച്ചുള്ള ചെലവുകൾ

05—ഓഫീസ് ചെലവുകൾ

മുൻവർഷം ചെലവായ തുക ഈ സാമ്പത്തിക വർഷവും ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 10,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സർക്കാർ സ്വീകരിച്ച നടപടി

ശിപാർശയിൽ സൂചിപ്പിച്ചിരിക്കുന്ന തുകകൾ ഒന്നും ഈ ശീർഷകത്തിൽ ലഭിച്ചിട്ടില്ല. അധിക ധനാനുമതിവഴി 50,000 രൂപയും ധനപുനർവിനിയോഗംവഴി 65,000 രൂപയും നേടി. 1,62,655 രൂപ ചെലവഴിച്ചു.

ശിപാർശ

2013-00-800-99—മറ്റ് ചെലവുകൾ—ഓഫീസ് ചെലവുകൾ

വർദ്ധിച്ചുവരുന്ന ഓഫീസ് ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 61,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ശിപാർശയിൽ സൂചിപ്പിച്ചിരിക്കുന്ന തുകകൾ ഒന്നും ഈ ശീർഷകത്തിൽ ലഭിച്ചിട്ടില്ല. അധിക ധനാനുമതിവഴി 10 ലക്ഷം രൂപ നേടി. ധനപുനർവിനിയോഗംവഴി 42 ലക്ഷം രൂപയും നേടി. 1,80,87,589 രൂപ ചെലവഴിച്ചു.

(ഖണ്ഡിക 7 മുതൽ 10 വരെ സർക്കാർ കത്ത് നമ്പർ 650/ബി.ഡബ്ല്യു2/14/പൊ.ഭ.വ. തീയതി 26-5-2015)

<u>ശിപാർശ</u>

പബ്ലിക് സർവ്വീസ് കമ്മീഷന് വിവിധ കണക്കിനങ്ങളിലായി തുക അനുവദിച്ചതിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വേതനം, യാത്രാചെലവുകൾ, വാടക, കരം, നികുതി എന്നീ ഇനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 20,00,000 രൂപയും 02—വേതനം ഇനത്തിൽ 45,00,000 രൂപയും 04—യാത്രാ ചെലവിൽ യാത്രാബത്തയിനത്തിൽ 53,08,000 രൂപയും അവധിയാത്രാനുകൂല്യം ഇനത്തിൽ 6,88,000 രൂപയും വാടക, കരം, നികുതി ഇനത്തിൽ 10,00,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കൂടാതെ വിവിധ തസ്തികകളിലായി 35 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്ന വിവിധ പരീക്ഷകൾ ഈ സാമ്പത്തിക വർഷം കമ്മീഷൻ നടത്താൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ശീർഷകത്തിലെ 28—തൊഴിൽപരമായ പ്രത്യേക സേവനങ്ങൾക്കുള്ള പ്രതിഫലം (പി.പി.എസ്.) എന്ന കണക്കിനത്തിൽ 2,20,00,000 രൂപയും 34—മറ്റ് ചെലവുകൾ എന്ന കണക്കിനത്തിൽ 70,00,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11, 12)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2051-00-102-99-01-(04)—<u>മെഡിക്കൽ റീഇംബേഴ്സ്മെന്റ്</u>

ഈ ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ 65,00,000 രൂപയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നത്. ടി ശീർഷകത്തിൽ 20,00,000 രൂപ കൂടി അധികമായി അനുവദിക്കാൻ വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും അനുവദിക്കാൻ സാധിച്ചിട്ടില്ല. ഈ ശീർഷകത്തിൽ നിന്നും 41,15,352 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

2051-00-102-99-02—<u>വേതനം</u>

ഈ ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ 60,00,000 രൂപയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നത്. ടി ശീർഷകത്തിൽ ആകെ 1,06,82,612 രൂപ ചെലവഴിച്ചിട്ടുണ്ട്. ബഡ്ജറ്റ് വിഹിതത്തിന് പുറമേ 45,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്തിരുന്നുവെങ്കിലും ടി തുക പ്രത്യേകമായി അനുവദിച്ചിട്ടില്ല. എന്നാൽ ഈ ശീർഷകത്തിൽ അധികമായി ചെലവഴിച്ച തുക പി.എസ്.സി.യുടെ മിച്ചമുള്ള മറ്റ് ഉപശീർഷകങ്ങളിൽ നിന്നും ക്രമീകരിച്ച് G.O. (Rt.) No. 3520/15/Fin. പ്രകാരം ഉത്തരവായിട്ടുണ്ട്.

2051-00-102-99-04-(01)—<u>യാത്രാബത്ത</u>

ഈ ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി 96,92,000 രൂപയാണ് അനുവദിച്ചിരുന്നത്. ടി ശീർഷകത്തിൽ 53,08,000 രൂപ അധികമായി അനുവദിക്കുന്നതിന് വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്തിരുന്നു. ടി ശീർഷകത്തിൽ നിന്ന് 1,65,51,168 രൂപ ചെലവാക്കിയിട്ടുണ്ട്. ടി ശീർഷകത്തിൽ 40 ലക്ഷം രൂപ G.O. (Rt.) No. 5943/14/Fin. പ്രകാരം അധികമായി അനുവദിക്കുകയും ഈ തുകയുൾപ്പെടെ ഈ ശീർഷകത്തിൽ നിന്നും അധികമായി ചെലവാക്കിയ തുക പി.എസ്.സി.-യുടെ മിച്ചമുള്ള ഉപശീർഷകങ്ങളിൽ നിന്നും G.O. (Rt.) No. 3520/15/Fin. പ്രകാരം ക്രമീകരിച്ചിട്ടുണ്ട്.

2051-00-102-99-04-(04)—<u>LTC</u>

ഈ ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ 8,12,000 രൂപയാണ് അനുവദിച്ചത്. ആകെ 5,18,358 രൂപ 2014-15 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്തിട്ടുള്ള 6,88,000 രൂപ അനുവദിക്കാൻ സാധിച്ചിട്ടില്ല.

2051-00-102-06—<u>വാടക, കരം, നികുതി</u>

2014-15 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 80,00,000 രൂപയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചത്. ടി ശീർഷകത്തിൽ 1,02,21,788 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. വിഷയനിർണ്ണയ സമിതി 10,00,000 രൂപ അധികമായി അനുവദിക്കാനാണ് ശിപാർശ ചെയ്തത്. ടി തുക പ്രത്യേകമായി അനുവദിക്കാൻ സാധിച്ചില്ല എങ്കിലും ഈ ശീർഷകത്തിൽ നിന്നും അധികമായി ചെലവഴിച്ച തുക പി. എസ്. സി. യുടെ മിച്ചമുള്ള മറ്റ് ഉപശീർഷകങ്ങളിൽ നിന്നും G.O. (Rt.) No. 3520/15/Fin. പ്രകാരം ക്രമീകരിച്ചിട്ടുണ്ട്.

2051-00-102-99-28—PPSS—തൊഴിൽപരമായിട്ടുള്ള സേവനങ്ങൾക്കുള്ള പ്രതിഫലം

2014-15 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 6,80,00,000 രൂപയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചത്. 12,26,71,977 രൂപ ഈ ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്. വിഷയനിർണ്ണയ സമിതി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്തിട്ടുള്ള 2,20,00,000 രൂപ പ്രത്യേകമായി അനുവദിച്ചിട്ടില്ലെങ്കിലും ഈ ശീർഷകത്തിൽ 1,00,00,000 രൂപ G.O. (Rt.) No. 5943/14/Fin. dated 4-8-2014 പ്രകാരം അധികമായി അനുവദിക്കുകയും ഈ തുകയുൾപ്പെടെ അധികം ചെലവായ തുക പി.എസ്.സി.യുടെ മിച്ചമുള്ള മറ്റ് ഉപശീർഷകങ്ങളിൽ നിന്നും G.O. (Rt.) No. 3520/15/Fin. dated 31-3-2015 പ്രകാരം ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്.

2051-00-102-34—മറ്റ് ചെലവുകൾ

2014-15 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 2,60,00,000 രൂപയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചത്. വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്തിട്ടുള്ള 70,00,000 രൂപ പ്രത്യേകമായി അനുവദിക്കാൻ സാധിച്ചിട്ടില്ല. എന്നാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ, 2014-15 സാമ്പത്തിക വർഷത്തിൽ G.O. (Rt.) No. 5943/14/Fin. dated 4-8-2014 പ്രകാരം അധികമായി അനുവദിക്കുകയും ഈ തുകയും അധികമായി ചെലവഴിച്ച തുകയും ചേർത്ത് 1,72,64,000 രൂപ മിച്ചമുള്ള മറ്റ് ശീർഷകങ്ങളിൽ നിന്നും G.O. (Rt.) No. 3520/15/Fin. dated 31-3-2015 പ്രകാരം ക്രമീകരിച്ചിട്ടുമുണ്ട്.

(കത്ത് നമ്പർ 76100/സ്പെ.ഇ 1/14/പൊ.ഭ.വ. തീയതി 7-2015.)

ശിപാർശ

2052-00-090-68—നിയമനിർമ്മാണ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്

നിയമസഭയിലേക്കുള്ള ബില്ലുകൾ തയ്യാറാക്കൽ, നിയമനിർമ്മാണം എന്നീ രംഗങ്ങളിൽ നിയമ വകുപ്പിലെ ജീവനക്കാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്ന നിയമനിർമ്മാണ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ഈ വർഷം തന്നെ തുടങ്ങുന്നതിനുള്ള സാധ്യതയുണ്ടെന്നും ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥലം, പാഠ്യവിഷയങ്ങൾ, മറ്റു നടപടിക്രമങ്ങൾ എന്നിവ തീരുമാനിക്കുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറുടെ തസ്തിക താൽക്കാലികമായി സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ഇതിലേക്ക് നടപ്പുവർഷം അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് കാണുന്നതിനാൽ ഈ ശീർഷകത്തിൽ 29,99,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സർക്കാർ സ്വീകരിച്ച നടപടി

2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ നിയമസഭയിലേക്കുള്ള ബില്ലുകൾ തയ്യാറാക്കൽ, നിയമനിർമ്മാണം എന്നീ രംഗങ്ങളിൽ നിയമ വകുപ്പിലെ ജീവനക്കാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് ഒരു സംവിധാനം ഏർപ്പെടുത്തുന്നതിനായി 30 ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നു. ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥലവും, പാഠ്യവിഷയങ്ങളും, ബഡ്ജറ്റ് ആവശ്യങ്ങളും, മറ്റുനടപടിക്രമങ്ങളും സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ശ്രീ. കെ. എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചതിൻപ്രകാരം, അഡീഷണൽ സെക്രട്ടറിയുടെ തസ്തിക താൽക്കാലികമായി സൃഷ്ടിക്കുന്നതിന്മേൽ അഭിപ്രായത്തിനായി ഫയൽ ധനകാര്യ വകുപ്പിന് നൽകിയിരുന്നു. എന്നാൽ ധനകാര്യ വകുപ്പ് ആയതിന് അംഗീകാരം നൽകിയിട്ടില്ലാത്തതാണ്.

അതു കൂടാതെ വിഷയനിർണ്ണയ സമിതിയുടെ ശിപാർശപ്രകാരം 2052-00-090-68— എന്ന ശീർഷകത്തിൽ 2014-15-ൽ അനുവദിച്ച വിഹിതമായ ആയിരം രൂപയ്ക്ക് പുറമേ 29,99,000 രൂപ കൂടി അനുവദിക്കണമെന്ന് ധനകാര്യ (വ്യയം-എ) വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 13524/പാർല./2014/നിയമം തീയതി 10-11-2014)

ശിപാർശ

2052-00-090-72—കേരളത്തിൽ നിന്നുള്ള പാർലമെന്റംഗങ്ങളുടെ പേഴ്സണൽ സ്റ്റാഫിന്റെ വേതനവും അലവൻസും

01—ശമ്പളം

ശമ്പള പുനഃക്രമീകരണം, ക്ഷാമബത്ത വർദ്ധന എന്നിവ കാരണം അധികചെലവ് പ്രതീക്ഷിക്കുന്നതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനുപുറമെ 50,00,00 രൂപ കൂടി പ്രസ്തുത ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സർക്കാർ സ്വീകരിച്ച നടപടി

2052-00-090-72-01—salaries എന്ന ശീർഷകത്തിൽ നിന്നും എം.പി.മാരുടെ പി.എ.മാരുടെ ശമ്പളവും മറ്റു അലവൻസുകൾക്കുമായി 2014-15 വർഷത്തേക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതം 79,66,000 രൂപയായിരുന്നു. ടി സാമ്പത്തിക വർഷത്തേക്ക് പ്രസ്തുത തുക അപര്യാപ്തമായതിനാൽ മേൽ ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിനായി 23,86,727 രൂപ അടിയന്തരമായി അനുവദിക്കുന്നതിനും ബഡ്ജറ്റ്

വിഹിതത്തിന് പുറമെ 50,00,00 രൂപ അനുവദിക്കണമെന്ന സബ്ജക്ട് കമ്മിറ്റി XIV (ആഭ്യന്തര കാര്യങ്ങൾ) 2014-15 വർഷത്തെ ധനാഭ്യർത്ഥനകൾ സംബന്ധിച്ച സമിതിയുടെ ശിപാർശയിന്മേലുള്ള അഭിപ്രായവും കൂടി അറിയിക്കുവാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് 30-12-2014-ലെ സ.ഉ. (സാധാരണ) 9857/14/ധന. പ്രകാരം 24,84,000 രൂപ അധിക ധനാനുമതി മുഖാന്തിരം അനുവദിക്കുകയുണ്ടായി. ശിപാർശ പ്രകാരമുള്ള തുക ലഭ്യമായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 650/ബി.ഡബ്ല്യു2/14/പൊ.ഭ.വ. തീയതി 26-5-2015)

<u>ശിപാർശ</u>

2052-00-090-86—<u>പാർലമെന്ററികാര്യ വകുപ്പ്</u>

മന്ത്രിമാർ നിയമസഭയിൽ നൽകുന്ന ഉറപ്പുകൾ സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് ആരംഭിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അഷ്വറൻസ് ഇംപ്ലിമെന്റേഷൻ ഡസ്ക് പദ്ധതിക്കായി 10 ലക്ഷം രൂപയും പാർലമെന്ററി ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പഴയ നിയമസഭാ മന്ദിരത്തെ ചരിത്ര സ്മാരകമാക്കി നിലനിർത്തുന്നതിനായി തുടക്കമിട്ട എറ്റേണൽ അസംബ്ലി (Eternal Assembly) പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കും ലൈറ്റ് ആന്റ് സൗണ്ട് ഷോ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കുമായി 70 ലക്ഷം രൂപയും മെച്ചപ്പെട്ട പാർലമെന്ററി സംവിധാനം നടപ്പിൽ വരുത്തുന്നതിന് ലക്ഷ്യമിട്ട് ആരംഭിച്ച എക്സ്ചേഞ്ച് പ്രോഗ്രാമിനായി 50 ലക്ഷം രൂപയും കൂടാതെ വകുപ്പിന്റെ ഉപയോഗത്തിനായി ഒരു പുതിയ കാർ വാങ്ങുന്നതിന് 6 ലക്ഷം രൂപയും മറ്റനുബന്ധ ചെലവുകൾക്കായി 10 ലക്ഷം രൂപയും ചേർത്ത് ആകെ 1,46,00,000 രൂപ ആവശ്യപ്പെട്ടതിൽ 95,19,000 രൂപ മാത്രമാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. മേൽ വിശദമാക്കിയ ആവശ്യങ്ങൾക്കായി വകുപ്പ് ആവശ്യപ്പെട്ട തുക മുഴുവൻ അനിവാര്യ മായതിനാൽ ബാക്കിയുള്ള 50,81,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മുൻ വർഷങ്ങളിലെ ബഡ്ജറ്റ് വിഹിതവും ചെലവും പരിശോധിച്ചതിൽ വകയിരുത്തിയിരുന്ന ബഡ്ജറ്റ് വിഹിതം മിച്ചം വന്നതായി കാണുന്നതിനാലും നിലവിലെ വിഭവലഭ്യത അനുസരിച്ചും അധിക വിഹിതം വകയിരുത്തുവാൻ നിർവ്വാഹമില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. കൂടാതെ 2014-15 സാമ്പത്തിക വർഷത്തിൽ

വകയിരുത്തിയിട്ടുള്ള തുകയും പൂർണ്ണമായി വിനിയോഗിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ അധിക വിഹിതത്തിനുള്ള സമിതിയുടെ ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 1711/എ 2/2011/പാ.കാ.വ. തീയതി 10-4-2015)

ശിപാർശ

2052-00-090-94—പാകിസ്ഥാന്റെയും മറ്റ് വിദേശ രാജ്യങ്ങളിലെയും പൗരന്മാരെ സംബന്ധിച്ച ഏജൻസി ജോലികൾ

04—യാത്രാ ചെലവുകൾ

2013-14 വർഷം ഈ ഇനത്തിൽ 34,456 രൂപയുടെ ചെലവ് ഉണ്ടായിരുന്നു. ആയത് കണക്കിലെടുക്കുമ്പോൾ നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 17,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സർക്കാർ സ്വീകരിച്ച നടപടി

ധനപുനർവിനിയോഗംവഴി 10,000 രൂപ നേടി. 27,389 രൂപ ചെലവഴിച്ചു.

(സർക്കാർ കത്ത് നമ്പർ 650/ബി.ഡബ്ല്യു2/14/പൊ.ഭ.വ. തീയതി 26-5-2015)

ശിപാർശ

2052-00-090-95—നിയമ വകുപ്പ്

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

ഈ ശീർഷകത്തിൽ ചെലവ് പ്രതിവർഷം കൂടിവരുന്ന സാഹചര്യത്തിൽ 2014-15-ലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സർക്കാർ സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷത്തെ ഒന്നാം ബാച്ച് സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിൽ പ്രൊപ്പോസൽ സമർപ്പിക്കേണ്ടുന്ന തീയതി കഴിഞ്ഞു പോയതിനാൽ രണ്ടാം ബാച്ച് സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിലോ, നിലവിലെ ബഡ്ജറ്റ് തുകയിൽ

നിന്നും അധികമായി തുക ആവശ്യമാകുന്ന പക്ഷം അഡീഷണൽ ആതറൈസേഷൻ മുഖേനയോ സമിതി ശിപാർശ ചെയ്ത തുക ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 13524/പാർല./2014/നിയമം തീയതി 10-11-2014)

<u>ശിപാർശ</u>

2052-00-090-95-04-4—<u>അവധി യാത്രാനുകൂല്യം</u>

ഈ ശീർഷകത്തിൽ 2013-14 വർഷം 4,91,000 രൂപ ചെലവായിട്ടുണ്ട്. 2014-15 വർഷം കൂടുതൽ പേർ എൽ.റ്റി.സി. ആനുകൂല്യം സ്വീകരിക്കാൻ സാദ്ധ്യതയുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനുപുറമേ ഈ ശീർഷകത്തിൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2052-00-090-95-04-4—എന്ന അവധി യാത്രാനുകൂല്യം ശീർഷകത്തിൽ 5,19,000 രൂപ അനുവദിച്ചുകിട്ടിയിട്ടുള്ളതിൽ 1,93,203 രൂപ ചെലവായത് കഴിച്ച് പ്രസ്തുത ഹെഡിൽ 3,25,797 രൂപ അവശേഷിക്കുന്നതിനാൽ കൂടുതൽ തുക ആവശ്യമുള്ളതായി കരുതുന്നില്ല.

(സർക്കാർ കത്ത് നമ്പർ 24722/പാർല./2014/നിയമം തീയതി 5-1-2015)

<u>ശിപാർശ</u>

2052-00-090-97—<u>മറ്റ് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്</u>

ഈ ശീർഷകത്തിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റിനും യാത്രാ ചെലവുകൾക്കുമായി അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്ന ഇനത്തിൽ 3,50,000 രൂപയും 04-1—യാത്രാബത്ത എന്നയിനത്തിൽ 3,61,000 രൂപയും 04-4—അവധി യാത്രാനുകൂല്യം എന്ന ഇനത്തിൽ 5,51,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മെഡിക്കൽ റീഇംബേഴ്സ്മെന്റ് ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷം 12,52,000 രൂപയാണ് അനുവദിച്ചിരുന്നത്. 15-11-2014-ലെ സ.ഉ. (ആർടി.) നമ്പർ 8604/2014/ധന. നമ്പർ ഉത്തരവ് പ്രകാരം 2,00,000 രൂപ അധിക തുകയായി

വകയിരുത്തിയിരുന്നു. കൂടാതെ ധനപുനർവിനിയോഗത്തിലൂടെ 28-3-2015-ലെ സ.ഉ. (ആർടി.) നമ്പർ 2887/15/ധന. നമ്പർ ഉത്തരവ് പ്രകാരം 6,00,000 രൂപ ടി ശീർഷകത്തിൽ അനുവദിക്കുകയും ചെയ്തു. 04-1—യാത്രാബത്തയിനത്തിൽ ബഡ്ജറ്റ് വിഹിതം 41,39,000 രൂപയായിരുന്നു. 5 ലക്ഷം രൂപ ധനപുനർവിനിയോഗംവഴി നേടി. 46,37,475 രൂപ ചെലവഴിച്ചു. 04-4—അവധി യാത്രാനുകൂല്യത്തിൽ ബഡ്ജറ്റ് വിഹിതം 2,49,000 രൂപയായിരുന്നു. ധനപുനർവിനിയോഗംവഴി 75,000 രൂപ നേടി. 3,23,034 രൂപ ചെലവഴിച്ചു.

<u>ശിപാർശ</u>

2052-00-090-98—<u>മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ്</u>

04-4—<u>അവധി യാത്രാനുകൂല്യം</u>

2013-14 സാമ്പത്തിക വർഷത്തിൽ 1,27,000 രൂപ ഈ ഇനത്തിൽ ചെലവായിട്ടുണ്ട്. മുൻവർഷം ചെലവായ തുക ഈ വർഷവും പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 1,12,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ശിപാർശയിൽ സൂചിപ്പിച്ചിരിക്കുന്ന തുകകൾ ഒന്നും ഈ ശീർഷകത്തിൽ ലഭിച്ചിട്ടില്ല. 1,660 രൂപ ചെലവഴിച്ചു.

<u>ശിപാർശ</u>

2052-00-090-99—<u>അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്</u>

ഈ ശീർഷകത്തിലെ 02—വേതനം എന്ന ഇനത്തിൽ 56,57,000 രൂപയും 05-1—വെള്ളക്കരം എന്ന ഇനത്തിൽ 10,00,000 രൂപയും 05-3—ടെലിഫോൺ ചെലവ് എന്ന ഇനത്തിൽ 47,50,000 രൂപയും 05-4—മറ്റിനങ്ങൾ എന്ന ഇനത്തിൽ 3,75,50,000 രൂപയും 21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിൽ 1,85,000 രൂപയും കൂടാതെ 24—സാധനസാമഗ്രികൾ, 45—പി.ഒ.എൽ. എന്നിവയിൽ യഥാക്രമം 50,000 രൂപയും 44,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

02—വേതനത്തിൽ ബഡ്ജറ്റ് വിഹിതമായ 1,53,43,000 രൂപയിൽ 1,34,31,104 രൂപ ചെലവായി. 2014-15 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് നാലാമത് റിപ്പോർട്ടിൽ പറയും പ്രകാരം 2052-00-090-99-05-OE-3—ടെലിഫോൺ ചാർജസ് എന്ന ശീർഷകത്തിൽ സമിതി ശിപാർശ ചെയ്ത തുക (Rs. 47,50,000) അനുവദിച്ചിട്ടില്ല. ഈയിനത്തിൽ അധികധനാനുമതിവഴി 10 ലക്ഷം രൂപ ലഭിച്ചു. 61,22,968 രൂപ ചെലവഴിച്ചു. 05-4—മറ്റിനങ്ങളിൽ അധിക ധനാനുമതിവഴി 14,50,000 രൂപയും ധനപുനർവിനിയോഗംവഴി 1 ലക്ഷം രൂപയും ലഭിച്ചു. 3,05,02,369 രൂപ ചെലവഴിച്ചു. 21-2—മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിൽ അധികധനാനുമതിവഴി 2,10,000 രൂപയും ധനപുനർവിനിയോഗംവഴി 1 ലക്ഷം രൂപയും ലഭിച്ചു. 4,03,492 രൂപ ചെലവഴിച്ചു. 24 സാധനസാമഗ്രികൾ എന്ന ഇനത്തിൽ ബഡ്ജറ്റ് വിഹിതമായ 3,50,000 രൂപയിൽ 3,49,377 രൂപ ചെലവഴിച്ചു. 45 പി.ഒ.എൽ.-ൽ അധികധനാനുമതിവഴി 1 ലക്ഷം രൂപ ലഭിച്ചു. 4,17,305 രൂപ ചെലവഴിച്ചു.

(ഖണ്ഡിക 19 മുതൽ 21 വരെ സർക്കാർ കത്ത് നമ്പർ 650/ബി.ഡബ്ല്യു2/14/പൊ.ഭ.വ. തീയതി 26-5-2015)

<u>ശിപാർശ</u>

2052-00-092-88—<u>കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ</u>

02—<u>വേതനം</u>

കമ്മീഷനിലെ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് വേതനം നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 12,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക തുകയ്ക്കുള്ള ശിപാർശ, നിലവിലുള്ള വിഹിതം വിനിയോഗിച്ചതിനുശേഷം സമർപ്പിക്കുന്നമുറയ്ക്ക് സർക്കാരിന്റെ അപ്പോഴത്തെ സാമ്പത്തികസ്ഥിതി പരിഗണിച്ച് പരിഗണിക്കുന്നതാണ്.

## ശിപാർശ

21.1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

കമ്മീഷനിലെ ചീഫ് ഇൻഫർമേഷൻ കമ്മീഷണർക്കും കമ്മീഷണർമാർക്കും പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 30,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

## സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാന വിവരാവകാശ കമ്മീഷനിലെ മുഖ്യ വിവരാവകാശ കമ്മീഷണർക്ക് പുതിയ കാർ വാങ്ങുന്നതിനുള്ള ഭരണാനുമതി 25-2-2014-ലെ സ.ഉ. (എംഎസ്.) നമ്പർ 57/2014/പൊ.ഭ.വ. ഉത്തരവ് പ്രകാരം 14,62,049 രൂപ നൽകിയിട്ടുണ്ട്. സർക്കാരിന്റെ നിലവിലെ സാമ്പത്തികസ്ഥിതി പരിഗണിച്ച് മറ്റ് കമ്മീഷണർമാർക്ക് പുതിയ വാഹനം വാങ്ങുന്നതിനുള്ള നിർദ്ദേശം തൽക്കാലം പരിഗണിക്കേണ്ടതില്ലെന്നും പകരം വാടകയ്ക്ക് കാറെടുത്ത് ഉപയോഗിച്ചാൽ മതിയെന്നും തീരുമാനിച്ചിരിക്കുകയാണ്.

## ശിപാർശ

34—മറ്റു ചെലവുകൾ

കമ്മീഷനിലെ ദൈനംദിന പ്രവർത്തനങ്ങളടക്കമുള്ള മറ്റുചെലവുകൾക്ക് തുക കണ്ടെത്തുന്നത് ഈ ശീർഷകത്തിൽ നിന്നുമാണ്. നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 15,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

## സർക്കാർ സ്വീകരിച്ച നടപടി

അധിക തുകയ്ക്കുള്ള ശിപാർശ നിലവിലുള്ള വിഹിതം വിനിയോഗിച്ച് കഴിയുന്ന മുറയ്ക്ക് സർക്കാരിലേക്ക് സമർപ്പിക്കുന്ന പക്ഷം സർക്കാരിന്റെ അപ്പോഴത്തെ സാമ്പത്തികസ്ഥിതി പരിഗണിച്ച് കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഖണ്ഡിക 22 മുതൽ 24 വരെ സർക്കാർ കത്ത് നമ്പർ 51802/സി.ഡി.എൻ.5/14/പൊ.ഭ.വ. തീയതി 8-10-2014)

ശിപാർശ

2251—സെക്രട്ടേറിയറ്റ് സാമൂഹ്യ സർവ്വീസുകൾ

2251-00-090-99—സെക്രട്ടേറിയറ്റ്

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

മുൻവർഷം ഈ ഇനത്തിൽ 22,77,000 രൂപ ചെലവ് വന്നിട്ടുള്ളതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3,50,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷം 19,80,000 രൂപ അനുവദിച്ചതിൽ 28-3-2015 വരെ ആകെ 15,79,406 മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിരുന്നത്. ടി ശീർഷകത്തിൽ നിന്ന് ആദ്യം ഒരു ലക്ഷം രൂപ ധനപുനർവിനിയോഗത്തിലൂടെ കുറവ് വരുത്തുകയും 28-3-2015-ന് 3 ലക്ഷം രൂപ കൂടി ധനപുനർവിനിയോഗത്തിലൂടെ കുറവ് വരുത്തുകയും ചെയ്തു.

(സർക്കാർ കത്ത് നമ്പർ 650/ബി.ഡബ്ല്യു2/14/പൊ.ഭ.വ. തീയതി 26-5-2015)

ശിപാർശ

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

3451-00-092-99—മോണിറ്ററിംഗ് യൂണിറ്റ്

സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികളുടേയും എം.പി.എൽ.എ.ഡി. പദ്ധതികളുടെയും നിരീക്ഷണത്തിനുവേണ്ടി ആസൂത്രണ വകുപ്പിൽ പ്രവർത്തിച്ചുവരുന്ന സെൻട്രൽ പ്ലാൻ മോണിറ്ററിംഗ് യൂണിറ്റിലെ ഉദ്യോഗസ്ഥരുടെ ശമ്പളം, മറ്റാനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായാണ് ഈ ശീർഷകത്തിൽ തുക വകകൊള്ളിക്കുന്നത്. 2014-15 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി നോൺ പ്ലാനിൽ അനുവദിച്ചിരിക്കുന്ന തുക തീരെ പര്യാപ്തമല്ല. ഈ സാഹചര്യത്തിൽ 3451-00-092-97—എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി പ്ലാനിൽ അനുവദിച്ച 26,50,000 രൂപയിൽ നിന്നും 15,00,000 രൂപ ഈ ശീർഷകത്തിലേക്ക് മാറ്റി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സർക്കാർ സ്വീകരിച്ച നടപടി

തുക ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സർക്കാർ കത്ത് നമ്പർ 3128/സി.പി.എം.യു.2/2014/പ്ലാനിംഗ് തീയതി 28-8-2014)

ശിപാർശ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി.)

3451-00-101-69—സംസ്ഥാന പരിശീലന നയം—പരിശീലന പരിപാടി

2014-15 സാമ്പത്തികവർഷത്തിലെ സ്റ്റേറ്റ് ട്രെയിനിംഗ് പോളിസിയുടെ ഭാഗമായി പരിശീലന പരിപാടികൾ നടത്തുന്നതിന് 2627.93 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1000 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത സാമ്പത്തിക വർഷം നടത്തുവാൻ ഉദ്ദേശിക്കുന്ന പരിശീലന പരിപാടികൾ വിജയകരമായി നടത്തുന്നതിലേക്കായി 16,27,93,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലുള്ള സാമ്പത്തികസ്ഥിതി പരിഗണിച്ച് അധിക തുക അനുവദിക്കുവാൻ സാധിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 13262/എ.ആർ.13(1)/14/ഉഭപവ. തീയതി 24-10-2014)

ശിപാർശ

3451-00-101-87(01)—കേരള വിവരസാങ്കേതികത്വ സർവ്വീസ് സൊസൈറ്റി—സംസ്ഥാന പദ്ധതി—ജനറൽ

ഐ. റ്റി. മിഷൻ ഹെഡ് ക്വാർട്ടേഴ്സ് ബിൽഡിംഗ് നിർമ്മാണത്തിനായി 25.75 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. ഇതിലേക്കായി 2013-14 സാമ്പത്തിക വർഷം 10 കോടി രൂപ അനുവദിക്കുകയും ചെയ്തു. 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ 10,75,00,000 രൂപ കൂടി ഇതിലേക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സർക്കാർ സ്വീകരിച്ച നടപടി

2014-15 വർഷത്തിൽ പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. പദ്ധതിയുടെ നടത്തിപ്പിനായി ആർക്കിടെക്റ്റിനെയും പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റിനെയും മത്സര ദർഘാസിലൂടെ തെരഞ്ഞെടുത്തു. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. എൽ. 1 ബിഡ്ഡർക്ക് വർക്ക് അവാർഡ് ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തതിനാൽ 2014-15 വർഷം വകയിരുത്തിയിരുന്ന 5 കോടി രൂപ പര്യാപ്തമായിരുന്നു. ഈ തുകയിൽ 2 കോടി രൂപ 2015 മാർച്ച് 31 വരെയുള്ള ചെലവിലേക്ക് അനുവദിക്കുവാനും ബാക്കി 3 കോടി രൂപ 2015 സെപ്റ്റംബർ 30 വരെയുള്ള ചെലവിനത്തിലേക്കായി ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലേക്ക് മാറ്റുന്നതിനും ധനകാര്യ വകുപ്പ് അനുമതി നൽകുകയുണ്ടായി.

ശിപാർശ

ഐ. റ്റി. മിഷൻ, 14 ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലുമായി നൽകേണ്ടിവരുന്ന ഐ. റ്റി. ആന്റ് നോൺ ഐ. റ്റി. ഇൻഫ്രാസ്ട്രക്ചർ സപ്പോർട്ടിനും ഉൾപ്പെടെ ഉണ്ടാകുന്ന എല്ലാ ആവർത്തന ചെലവുകൾക്കുമായി 2014-15 സാമ്പത്തിക വർഷം 355 ലക്ഷം രൂപ ആവശ്യപ്പെട്ടതിൽ 1 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത തുക അപര്യാപ്തമാണെന്ന് വിലയിരുത്തി. ആയതിനാൽ ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി 3,54,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സർക്കാർ സ്വീകരിച്ച നടപടി

ഫ്രണ്ട്സ് പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് 2014-15 ബഡ്ജറ്റിൽ കെ.എസ്.ഐ.ടി. എമ്മി.-ന് അനുവദിച്ച 6236 ലക്ഷം രൂപയിൽ 1 ലക്ഷം രൂപ വേർതിരിച്ചിരുന്നു. 2013-14 വർഷത്തിൽ ഫ്രണ്ട്സിനായി വേർതിരിച്ചിരുന്ന 350 ലക്ഷം രൂപയിൽ 172 ലക്ഷം രൂപ 2014 മാർച്ച് 31-ന് നീക്കിയിരിപ്പ് ഉണ്ടായിരുന്നതിനാൽ 2014-15 വർഷത്തെ പ്രവർത്തന ചെലവുകൾക്ക് 100 ലക്ഷം രൂപ കൂടി മതിയാകും എന്ന് കെ.എസ്.ഐ.ടി.എം. അറിയിച്ചിരുന്നു. ഈ തുക അനുവദിക്കുന്നതിനായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിനെ സമീപിച്ചപ്പോൾ ഈ പദ്ധതിയിലൂടെ നൽകിവരുന്ന സേവനങ്ങൾ ഓൺലൈനായി വിവിധ വകുപ്പുകൾ തന്നെ ലഭ്യമാക്കുന്നതിനാൽ പദ്ധതി തുടരുന്നത് അഭികാമ്യമല്ല എന്ന് അഭിപ്രായപ്പെട്ടു. എന്നാൽ ഈ പദ്ധതിയുടെ പ്രയോജനങ്ങളും സൗകര്യങ്ങളും ധാരാളം സാധാരണക്കാർ പ്രയോജനപ്പെടുത്തി വരുന്നതായി സർക്കാരിന്

ബോധ്യപ്പെട്ട സാഹചര്യത്തിൽ ഫ്രണ്ട്സിലെ സേവനങ്ങൾക്ക് ഫീസ് ഈടാക്കുവാനും 100 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം നൽകുവാനുമുള്ള തീരുമാനം മന്ത്രിസഭ കൈക്കൊള്ളുകയും ചെയ്യുകയുണ്ടായി. ഈ തുക അനുവദിക്കുന്നതിനായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ട്.

(ഖണ്ഡിക 28, 29—സർക്കാർ കത്ത് നമ്പർ 863/സി1/2014/വി. സ. വ. തീയതി 12-5-2015)

ശിപാർശ

ഹൈക്കോടതിയിലേക്ക് 11 ടൊയോട്ടോ കൊറോള ആൾട്ടിസ് കാറുകൾ വാങ്ങുന്നതിനായി 1,64,99,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സർക്കാർ സ്വീകരിച്ച നടപടി

അധിക വിഹിതം നീക്കിവച്ചിട്ടില്ല. 2015-2016 കാലയളവിലേക്കുള്ള 1-ാം അനുബന്ധ ധനാഭ്യർത്ഥനയുടെ ഭാഗമായിട്ടുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുള്ളതും ആയതിനുള്ള തുക പ്രതീക്ഷിക്കുകയും ചെയ്യുന്നു. സ.ഉ. (ആർറ്റി.) 1086/15/ആഭ്യ. തീയതി 7-7-2015 പ്രകാരം 11 കാറുകൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

ശിപാർശ

മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിന് നോൺ പ്ലാനിൽ വിവിധ കണക്കിനങ്ങളിലായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 9,44,000 രൂപ കൂടി നോൺ പ്ലാനിൽ ഉൾപ്പെടുത്തി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സർക്കാർ സ്വീകരിച്ച നടപടി

ഇതു സംബന്ധിച്ച് 5,67,000 രൂപ അഡീഷണൽ ഓതറൈസേഷനായും 2,23,000 രൂപ റീ അപ്രോപ്രിയേഷൻ ഇനത്തിലും മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിന്റെ വിവിധ ഹെഡുകളിലായി ധനകാര്യ വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ട്.

ശിപാർശ

മോട്ടോർ അപകട നഷ്ടപരിഹാര ട്രൈബ്യൂണലുകളിൽ തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിലേക്കായി ഡീസൽ ജനറേറ്റർ വാങ്ങാൻ 8,10,000 രൂപയും ഫർണിച്ചർ വാങ്ങുന്നതിലേക്ക് 9,06,000 രൂപയും ഫോട്ടോകോപ്പി മെഷീൻ വാങ്ങുന്നതിന്

1,00,000 രൂപയും ഇൻവെർട്ടറുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്ക് 4,80,000 രൂപയും ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 22,96,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

## സർക്കാർ സ്വീകരിച്ച നടപടി

അധിക വിഹിതം അനുവദിച്ചിട്ടില്ല. ജനറേറ്റർ വാങ്ങുന്നതിനുള്ള നിർദ്ദേശം താല്ക്കാലികമായി മാറ്റിവച്ചിട്ടുള്ളതും അതിനു പകരം ഇൻവർട്ടറുകൾ വാങ്ങി കീഴ്ക്കോടതികളിലേക്ക് വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. ഫോട്ടോ കോപ്പിയറുകൾ വാങ്ങിയിട്ടുണ്ട്. ഫർണിച്ചറുകൾക്കും ഇൻവർട്ടറുകളുടെ വാർഷിക പരിചരണ കരാറുകൾക്കും ഉള്ള ആവശ്യം ഇപ്പോഴും നിലവിലുണ്ട്.

## ശിപാർശ

സബോർഡിനേറ്റ് കോടതികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി, ഫർണിച്ചർ, ഫോട്ടോ കോപ്പിയർ, ഇൻവർട്ടർ എന്നിവ വാങ്ങുന്നതിലേക്കായി 5,02,000 രൂപയും സാക്ഷിബത്ത നൽകുന്നതിന് 50,000 രൂപയും ചേർത്ത് ആകെ 5,52,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

## സർക്കാർ സ്വീകരിച്ച നടപടി

അധിക വിഹിതം നീക്കിവച്ചിട്ടില്ല. സർക്കാർ ഉത്തരവ് (പതിവ്) 1256/15/ധന വകുപ്പ് തീയതി 18-2-2015 പ്രകാരം ഫർണിച്ചർ വാങ്ങുവാനായി ധനപുനർവിനിയോഗംവഴി 2 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്.

## ശിപാർശ

കോടതികളിൽ തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിനായി കോടതി സമുച്ചയങ്ങളിൽ ഡീസൽ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്നതിലേക്ക് 2,75,06,000 രൂപയും കോടതികളിലേക്കാവശ്യമായ ഫർണിച്ചറുകൾ വാങ്ങുന്നതിലേക്ക് 84,47,000 രൂപയും ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 3,59,53,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക വിഹിതം നീക്കിവച്ചിട്ടില്ല. ജനറേറ്റർ വാങ്ങുന്നതിനുള്ള നിർദ്ദേശം താല്ക്കാലികമായി മാറ്റിവച്ചിട്ടുള്ളതും അതിനുപകരം ഇൻവർട്ടറുകൾ വാങ്ങി കീഴ്ക്കോടതികളിൽ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. പതിനഞ്ച് ഫോട്ടോ കോപ്പിയറുകൾ (15,00,000 രൂപ) ഇനിയും ആവശ്യമുണ്ട്. ഫർണിച്ചറുകൾക്കുള്ള ആവശ്യം ഇപ്പോഴും നിലനിൽക്കുന്നു.

<u>ശിപാർശ</u>

തൊടുപുഴ, എറണാകുളം SPE/CBI-III, ഇടമലയാർ ഇൻവെസ്റ്റിഗേഷൻ കോടതി, എറണാകുളം, NDPS Cases, വടകര എന്നിവിടങ്ങളിലേക്ക് 29,99,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക വിഹിതം നീക്കിവച്ചിട്ടില്ല. ബജറ്റ് വിഹിതവും ധനപുനർവിനിയോഗവും മുഖേന ഒരു പുതിയ കാർ എറണാകുളം സി. ബി. ഐ. കോടതി III-ലേക്ക് വാങ്ങിയിട്ടുണ്ട്. മറ്റു വാഹനങ്ങൾ ആവശ്യമുണ്ട്.

<u>ശിപാർശ</u>

സബോർഡിനേറ്റ് കോടതികളിലേക്ക് ആവശ്യമായ ഫർണിച്ചർ, ഫോട്ടോ കോപ്പിയറുകൾ, ഇൻവർട്ടറുകൾ എന്നിവ വാങ്ങുന്നതിലേക്കായി 53,68,000 രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക വിഹിതം നീക്കിവച്ചിട്ടില്ല. ആവശ്യം ഇപ്പോഴും നിലനിൽക്കുന്നു.

<u>ശിപാർശ</u>

ക്രിമിനൽ കോടതികളിൽ ഫർണിച്ചർ വാങ്ങുന്നതിലേക്കായി 1,20,35,000 രൂപയും തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിന് ഡീസൽ ജനറേറ്റർ സെറ്റുകൾ വാങ്ങുന്നതിലേക്കായി 8,19,000 രൂപയും ഫോട്ടോകോപ്പി മെഷീൻ വാങ്ങുന്നതിലേക്ക് 20,75,000 രൂപയും വൈദ്യുതി ഉപകരണങ്ങൾ വാങ്ങുന്നതിന് 16,85,000 രൂപയും ഇൻവർട്ടറുകളുടെ സംരക്ഷണത്തിനും അറ്റകുറ്റ പണികൾക്കും 2,91,000 രൂപയും കൂടാതെ

കോടതിയിലെ ഫർണിഷിംഗിനും മറ്റ് ആവശ്യങ്ങൾക്കും ആയി 47,78,000 രൂപയും ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ മേൽ ആവശ്യങ്ങൾക്കായി ആകെ 2,16,83,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക വിഹിതം നീക്കിവച്ചിട്ടില്ല. ഡീസൽ ജനറേറ്ററിനുള്ള നിർദ്ദേശം തൽക്കാലം മാറ്റിവയ്ക്കുകയും പകരം എല്ലാ കീഴ്ക്കോടതികൾക്കും ഇൻവർട്ടറുകൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. രണ്ട് ഫോട്ടോകോപ്പിയറുകൾക്കും ഫർണിച്ചറുകൾക്കുമുള്ള ആവശ്യം ഇപ്പോഴും നിലനിൽക്കുന്നു.

<u>ശിപാർശ</u>

ആലപ്പുഴ, കോട്ടയം, തൊടുപുഴ, പാലക്കാട്, മഞ്ചേരി, കൽപ്പറ്റ, തലശ്ശേരി എന്നിവിടങ്ങളിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാർക്ക് കാർ വാങ്ങുന്നതിലേക്കായി 52,50,000 രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ടോക്കൺ പ്രൊവിഷനായി അനുവദിച്ച 1,000 രൂപ കിഴിച്ച് ബാക്കി 52,49,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക വിഹിതം നീക്കിവച്ചിട്ടില്ല. 2014-15-ലെ ബഡ്ജറ്റ് വിഹിതം 1,000 രൂപയാണ്. ബഡ്ജറ്റിൽ ലഭിച്ച വിഹിതവും ധനപുനർവിനിയോഗം മുഖേന ലഭിച്ച വിഹിതവും തൊടുപുഴ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന് ഒരു പുതിയ കാർ വാങ്ങുന്നതിനായി ഉപയോഗിക്കപ്പെട്ടു. മറ്റു ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാരുടെ മോട്ടോർ വാഹനങ്ങൾക്കു വേണ്ടിയുള്ള ആവശ്യം നിലനിൽക്കുന്നു.

<u>ശിപാർശ</u>

കീഴ്ക്കോടതികളിലെ അടിസ്ഥാന സൗകര്യവികസനത്തിനായി ഫോട്ടോകോപ്പിയർ, ഫർണിച്ചർ എന്നിവ വാങ്ങുന്നതിന് 58,83,000 രൂപ അധികമായി ആവശ്യമായതിനാൽ പ്രസ്തുത തുക ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സർക്കാർ സ്വീകരിച്ച നടപടി

അധിക വിഹിതം നീക്കിവച്ചിട്ടില്ല.

(ഖണ്ഡിക 30 മുതൽ 39 വരെ—സർക്കാർ കത്ത് നമ്പർ 64425/സി5/2014/ആഭ്യന്തരം തീയതി 13-7-2015)

ശിപാർശ

2014-00-114-92—സ്ഥിര ലോക് അദാലത്ത്

ഈ ശീർഷകത്തിൻ കീഴിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് അവധി യാത്രാനുകൂല്യം, വൈദ്യുത ചെലവ്, ടെലിഫോൺ ചെലവ്, വാടക-കരം-നികുതി എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഓരോന്നിലും യഥാക്രമം 2,37,000 രൂപ, 1,93,000 രൂപ, 31,000 രൂപ, 32,000 രൂപ, 90,000 രൂപ എന്നിങ്ങനെ തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സർക്കാർ സ്വീകരിച്ച നടപടി

ടെലിഫോൺ, വെള്ളം, വൈദ്യുതി, കമ്പിത്തപാൽ, നഗരശുചീകരണം, ആരോഗ്യം, ആശുപത്രികൾ, ഇൻഷ്വറൻസ് എന്നീ പബ്ലിക് യൂട്ടിലിറ്റി സർവ്വീസ് രംഗങ്ങളിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന തർക്കങ്ങൾ കോർട്ട് ഫീസ് ഇല്ലാതെ തീർപ്പാക്കാനുള്ള സംവിധാനമാണ് സ്ഥിരം ലോക് അദാലത്ത് (പി.എൽ.എ.) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പി.എൽ.എ.കളുടെ പ്രവർത്തനങ്ങൾക്കായി 2014-15 വർഷത്തിൽ 5.83 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. ആയതുകൊണ്ട് 2014-15 വർഷത്തിലേക്ക് "2014-00-114-92" എന്ന ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക തീരുന്ന മുറയ്ക്ക്, സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ള 5.83 ലക്ഷം രൂപ ആവശ്യപ്പെട്ടുകൊള്ളാമെന്ന് കെൽസ അറിയിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 13524/പാർല./2014/നിയമം തീയതി 10-11-2014)

ശിപാർശ

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ 3 പെർമനന്റ് ലോക് അദാലത്തുകളിലായി 15 ജീവനക്കാരുണ്ട്. ഇവർക്ക് സ്ഥലംമാറ്റ ബത്ത അനുവദിക്കുന്നതിലേക്കായി തുകയൊന്നും ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ 50,000 രൂപ വകകൊള്ളിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സർക്കാർ സ്വീകരിച്ച നടപടി

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ 3 പെർമനന്റ് ലോക് അദാലത്തുകളിലെ ജീവനക്കാരാരും തന്നെ സ്ഥലംമാറ്റ ബത്ത ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ സമർപ്പിച്ചിട്ടില്ല. ഈ ഇനത്തിൽ അപേക്ഷകൾ വരുന്ന മുറയ്ക്ക് 2014-00-114-92-04-2—സ്ഥലംമാറ്റ ബത്ത എന്ന ശീർഷകത്തിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ള 50,000 രൂപ ആവശ്യപ്പെട്ടുകൊണ്ട് ധനകാര്യ വകുപ്പിനെ സമീപിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 24722/പാർല./2014/നിയമം തീയതി 5-1-2015)

ശിപാർശ

2014-00-114-93—കേരള സംസ്ഥാന നിയമ സേവന അതോറിറ്റി

കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയിൽ ശമ്പളത്തിനും മറ്റനുബന്ധ ചെലവുകൾക്കുമായി 2014-15 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി വകയിരുത്തേണ്ടതായുണ്ട്:

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് .. 12,38,000 രൂപ

04-1—യാത്രാബത്ത .. 4,74,000 രൂപ

04-2—സ്ഥലംമാറ്റ ബത്ത .. 2,92,000 രൂപ

04-4—അവധിയാത്രാനുകൂല്യം .. 4,08,000 രൂപ

05-2—വൈദ്യുത ചെലവ് .. 53,000 രൂപ

05-3—ടെലിഫോൺ ചെലവ് .. 2,20,000 രൂപ

05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ .. 17,00,000 രൂപ

06—വാടക, കരം, നികുതി .. 10,56,000 രൂപ

21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും .. 1,36,000 രൂപ

34—മറ്റ് ചെലവുകൾ .. 2,70,22,000 രൂപ

45—പി. ഒ. എൽ. .. 1,12,000 രൂപ

ആയതിനാൽ 2014-00-114-93 എന്ന ശീർഷകത്തിൽ മേൽപ്പറഞ്ഞ കണക്കിനങ്ങളിലായി ആകെ 3,27,11,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42, 43)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

4-6-2014-ലെ 2603/13/എ/കെൽസ എന്ന നമ്പറിലുള്ള കത്തുപ്രകാരം മെഡിക്കൽ റീഇംബേഴ്സ്മെന്റ്, യാത്രാബത്ത, സ്ഥലംമാറ്റബത്ത, വൈദ്യുതി ചെലവ്, ടെലിഫോൺ ചെലവ്, ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ, വാടക, മറ്റ് ചെലവുകൾ എന്നീ ഇനങ്ങളിലായി "2014-00-114-93—കെൽസ" എന്ന ശീർഷകത്തിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത ആകെ തുകയായ 3,27,11,000 രൂപയിൽ നിന്നും 2,09,37,000 രൂപ 2014-15-ലെ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റിന്റെ ആദ്യ ബാച്ചിൽ ഉൾപ്പെടുത്തി അനുവദിക്കുവാൻ കെൽസ അഭ്യർത്ഥിക്കുകയും അതിന്റെ തുടർനടപടിക്കായി 12195/എച്ച്1/14/നിയമം എന്ന അനൗദ്യോഗിക ഫയൽ പ്രകാരം ധനകാര്യ വകുപ്പിന് കൈമാറുകയും ചെയ്തു. എന്നാൽ പ്രസ്തുത അഭ്യർത്ഥന 26-5-2014-ലെ 47/2014/ധനം എന്ന സർക്കുലറിന്റെ പരിധിയിൽ വരാത്തതിനാൽ, സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റിന്റെ ആദ്യ ബാച്ചിൽ ഉൾപ്പെടുത്താൻ കഴിയുകയില്ലായെന്ന് 18-7-2014-ലെ 51597/ബി.ഡബ്ലിയു.എഫ്2/2014/ധനം എന്ന അനൗദ്യോഗിക ഫയൽ പ്രകാരം ധനകാര്യ വകുപ്പ് അറിയിക്കുകയുണ്ടായി. പ്രസ്തുത വിവരം കെൽസയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

21-1—<u>മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ</u>

കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റിയുടെ മെമ്പർ സെക്രട്ടറിക്ക് പുതിയ കാർ വാങ്ങുന്നതിന് തുക അനുവദിക്കുന്നതിനായി 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിൽ സമിതി ശിപാർശ ചെയ്തെങ്കിലും തുക അനുവദിച്ചിരുന്നില്ല. നടപ്പുവർഷവും ഇതിലേക്ക് തുക അനുവദിച്ചിട്ടില്ലെന്ന് കാണുന്നു. മെമ്പർ സെക്രട്ടറിക്ക് ഒരു കാർ വാങ്ങേണ്ടത്

അത്യാവശ്യമാണ്. കൂടാതെ അതോറിറ്റിയുടെ 7 ജില്ലാ ഓഫീസുകളിൽ മുഴുവൻ സമയ സെക്രട്ടറിമാരായി നിയമിതരായ ജുഡീഷ്യൽ ഓഫീസർമാർക്ക് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും വാഹനം ആവശ്യമാണ്. ആയതിനാൽ വാഹനം വാങ്ങുന്നതിലേക്ക് ഈ ശീർഷകത്തിൽ 66,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രസ്തുത ആവശ്യം ധനകാര്യ വകുപ്പിനെ 20934/എച്ച്1/2013/നിയമം എന്ന നമ്പർ അനൗദ്യോഗിക ഫയൽ പ്രകാരം അറിയിക്കുകയും, ധനകാര്യ വകുപ്പ് 100727/Exp.B3/13/Fin. എന്ന അനൗദ്യോഗിക ഫയൽ പ്രകാരം ഇപ്പോൾ ബഡ്ജറ്റിൽ കാർ വാങ്ങുന്നതിനുള്ള തുക വകയിരുത്തിയിട്ടില്ലാത്തതിനാലും നിലവിലെ സാമ്പത്തിക നിയന്ത്രണം ഉള്ളതിനാലും പിന്നീട് പരിഗണിക്കാം എന്നറിയിച്ച് നിരസിക്കുകയുണ്ടായി.

<u>ശിപാർശ</u>

2014-00-114-98—<u>ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും</u>

28—<u>തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ</u>

നിയമ വകുപ്പ് മുഖേന നിയമിക്കപ്പെടുന്ന ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ ശമ്പളത്തിനുപുറമേ ആഭ്യന്തര വകുപ്പ് മുഖേന നിയമിക്കപ്പെടുന്ന സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ പ്രതിഫലം പ്രസ്തുത വകുപ്പിന്റെ ഭരണാനുമതി ലഭിക്കുമ്പോൾ മാത്രമാണ് ധനകാര്യ വകുപ്പിൽ നിന്ന് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. പെട്ടെന്നുണ്ടാകുന്ന അത്തരം ചെലവുകളുടെ ശരാശരി തുക കൂടി കണക്കാക്കികൊണ്ടും ലീഗൽ അസിസ്റ്റന്റുമാരുടെ ശമ്പളത്തിൽ ഉണ്ടാകുന്ന വാർഷിക ആനുപാതിക വർദ്ധന കൂടി ഉൾപ്പെടുത്തിയും വർദ്ധിപ്പിച്ച തുകയാണ് 2014-15-ലെ ബഡ്ജറ്റ് വിഹിതമായി ആവശ്യപ്പെട്ടത് എന്ന് സമിതി മനസ്സിലാക്കുന്നു. നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 1,01,60,500 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2014-15 സാമ്പത്തിക വർഷത്തിൽ നിയമ വകുപ്പ് മുഖേന നിയമിക്കപ്പെടുന്ന ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ ശമ്പളയിനത്തിൽ 2014-00-114-98-28 എന്ന ശീർഷകത്തിൽ

2014-15-ലെ ബഡ്ജറ്റ് വിഹിതമായി 3,78,87,000 രൂപ (മൂന്ന് കോടി എഴുപത്തിയെട്ട് ലക്ഷത്തിഎൺപത്തിയേഴായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 1,01,60,500 രൂപ (ഒരു കോടി ഒരു ലക്ഷത്തി അറുപതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 14-10-2014-ലെ 21726/എം.സി1/ 2014/നിയമം നമ്പർ അനൗദ്യോഗിക കുറിപ്പുവഴി അധിക ധനം അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഖണ്ഡിക 42 മുതൽ 45 വരെ—സർക്കാർ കത്ത് നമ്പർ 13524/പാർല./2014/ നിയമം തീയതി 10-11-2014)

<u>ശിപാർശ</u>

2014-00-114-99—<u>ലാ ഓഫീസർമാർ</u>

ഈ ശീർഷകത്തിൽ വേതനം, മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും, മറ്റ് ചെലവുകൾ, പി.ഒ.എൽ. എന്നിവയിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ വേതനം ഇനത്തിൽ 9,00,000 രൂപയും മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും ഇനത്തിൽ 2,80,000 രൂപയും മറ്റ് ചെലവുകൾ ഇനത്തിൽ 2,38,00,000 രൂപയും പി.ഒ.എൽ. ഇനത്തിൽ 4,00,000 രൂപയും ചേർത്ത് ആകെ 2,53,80,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വേതനം ഇനത്തിൽ 25,00,000 രൂപ അനുവദിച്ചു കിട്ടിയിട്ടുള്ളതിൽ 17,90,228 രൂപ ചെലവായത് കഴിച്ച് പ്രസ്തുത ഹെഡിൽ 7,09,722 രൂപ അവശേഷിക്കുന്നുണ്ട്. സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ള തുക ആവശ്യപ്പെട്ടുകൊണ്ട് ധനകാര്യ വകുപ്പിനെ സമീപിക്കുന്നതാണ്.

മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും ഇനത്തിൽ 4,14,000 രൂപയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നത്. ആയത് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്ത തുകയ്ക്കുവേണ്ടി 2014 ആഗസ്റ്റ് മാസം 13-ാം തീയതി എസി.ബി2-ന്റെ 38938/13 നമ്പർ എഴുത്ത് പ്രകാരം അപേക്ഷിച്ചിരുന്നു. എന്നാൽ ഈ ശീർഷകത്തിൽ കൂടുതലായി

തുകയൊന്നും അനുവദിച്ചില്ല. ആയതിനാൽ 21-11-2014-ലെ മേൽ നമ്പർ ഓഫീസ് കത്ത് പ്രകാരം 05—ടെലിഫോൺ ചാർജിൽ നിന്നും 3 ലക്ഷം രൂപ, 21 എംവി2 മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ശീർഷകത്തിലേക്ക് പുനർവിനിയോഗം ചെയ്യണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. ആയത് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ഇതുവരെയും ലഭിച്ചിട്ടില്ല.

മറ്റ് ചെലവുകൾ ഇനത്തിൽ ബഡ്ജറ്റ് വിഹിതമായി 2,50,00,000 രൂപ അനുവദിച്ചിരുന്നു. ആയത് അപര്യാപ്തമായതിനാൽ ആദ്യഘട്ട സപ്ലിമെന്ററി ഡിമാന്റിൽ 3,00,00,000 രൂപ ഈ ശീർഷകത്തിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിരുന്നില്ല. ആയതിനാൽ 13-8-2014-ൽ 4,00,00,000 രൂപ അധിക ഗ്രാന്റായി അനുവദിക്കണമെന്ന് അപേക്ഷിച്ച പ്രകാരം 1,50,00,000 രൂപ 31-10-2014-ലെ ധനകാര്യ വകുപ്പിന്റെ 8215/14 ഉത്തരവ് പ്രകാരം അനുവദിക്കുകയുണ്ടായി. ഈ തുക ഇപ്പോൾ പൂർണ്ണമായും ചെലവഴിച്ച് കഴിഞ്ഞതുകൊണ്ട് 3,00,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ധനകാര്യ വകുപ്പിനെ സമീപിക്കുന്നതാണ്.

പി.ഒ.എൽ. ഇനത്തിൽ 14,52,000 രൂപയാണ് ബഡ്ജറ്റ് വിഹിതമായി ആവശ്യപ്പെട്ടിരുന്നത്. 10,87,000 രൂപ അനുവദിച്ചിരുന്നു. ഈ തുകയിൽ നിന്നും ഇതുവരെയും 10,15,353 രൂപ ചെലവഴിച്ചിട്ടുണ്ട്. ശേഷിപ്പുതുക നടപ്പുസാമ്പത്തിക വർഷത്തേക്ക് അപര്യാപ്തമായതിനാൽ 3,00,000 രൂപ അധികമായി ആവശ്യപ്പെട്ടുകൊണ്ട് ധനകാര്യ വകുപ്പിനെ സമീപിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 24722/പാർല./2014/നിയമം തീയതി 5-1-2015)

<u>ശിപാർശ</u>

2014-00-116-99—<u>സർക്കാർ ഉദ്യോഗസ്ഥ തർക്കപരിഹാര മധ്യസ്ഥ കോടതി (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ)</u>

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് വിവിധ ആവശ്യങ്ങളിലേക്കായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം തീരെ പര്യാപ്തമല്ല. ആയതിനാൽ ട്രൈബ്യൂണലിന്റെ സുഗമമായ പ്രവർത്തനത്തിനായി 62,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സർക്കാർ സ്വീകരിച്ച നടപടി

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് 2014-15-ലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ വിവിധ ശീർഷകങ്ങളിലായി SDG മുഖാന്തരം 1,000 രൂപയും അധിക തുകയായി 21,24,000 രൂപയും അനുവദിച്ചിട്ടുണ്ട്. ട്രൈബ്യൂണലിൽ മൂന്ന് പുതിയ അംഗങ്ങളും അനുബന്ധ ജീവനക്കാരും ചുമതലയേൽക്കുമെന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും അവരുടെ നിയമനം നടക്കാത്തതിൽ പല ശീർഷകങ്ങളിലും അധിക തുകയ്ക്കായി പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ 2632/എ.ആർ. 12(2)/2014/ഉഭപവ. 6-4-2015)

ശിപാർശ

കുടുംബ കോടതികളിൽ തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിന് 30,60,000 രൂപയും ഫോട്ടോകോപ്പി മെഷീൻ വാങ്ങുന്നതിന് 12,35,000 രൂപയും ഫർണിച്ചർ വാങ്ങുന്നതിലേക്ക് 19,43,000 രൂപയും കൂടാതെ കോടതികളിൽ സ്ഥാപിച്ചിട്ടുള്ള ഇൻവർട്ടറുകളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും 36,000 രൂപയും കോടതിയിലെ ഫർണിഷിംഗിനും മറ്റാവശ്യങ്ങൾക്കുമായി 5,81,000 രൂപയും ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. നിലവിലെ ബഡ്ജറ്റ് വിഹിതം ഇതിന് പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി ആകെ 68,55,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സർക്കാർ സ്വീകരിച്ച നടപടി

അധിക വിഹിതം നീക്കിവച്ചിട്ടില്ല. ഡീസൽ ജനറേറ്ററിനുള്ള നിർദ്ദേശം തൽക്കാലം മാറ്റി വയ്ക്കുകയും പകരം എല്ലാ കീഴ്ക്കോടതികൾക്കും ഇൻവർട്ടറുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു. ഫോട്ടോകോപ്പിയറുകൾ വാങ്ങി. ഫർണിച്ചറുകൾക്കുള്ള ആവശ്യം ഇപ്പോഴും നിലനിൽക്കുന്നു. സർക്കാർ ഉത്തരവ് (പതിവ്) 1256/15/ധനകാര്യം തീയതി 18-2-2015 പ്രകാരം ധനപുനർവിനിയോഗം മുഖേന 11,00,000 രൂപ അനുവദിക്കപ്പെട്ടു.

ശിപാർശ

നെടുമങ്ങാട്, ആറ്റിങ്ങൽ, ചവറ, പത്തനംതിട്ട, മാവേലിക്കര, പാല, കട്ടപ്പന, എറണാകുളം, ഇരിങ്ങാലക്കുട, തൃശ്ശൂർ, ഒറ്റപ്പാലം, തിരൂർ എന്നിവിടങ്ങളിലെ കുടുംബകോടതികളിലേക്ക് കാറുകൾ വാങ്ങുന്നതിനായി 90,00,000 രൂപ ആവശ്യമായിട്ടുള്ളതിനാൽ 89,99,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക വിഹിതം നീക്കിവച്ചിട്ടില്ല. ബഡ്ജറ്റ് വിഹിതം സർക്കാർ ഉത്തരവ് (പതിവ്) 1256/15/ധനകാര്യം 18-2-2015 പ്രകാരവും ധനപുനർവിനിയോഗം മുഖേനയും ലഭിച്ച വിഹിതം നെടുമങ്ങാട് കുടുംബ കോടതിക്കായി പുതിയ കാർ വാങ്ങി. മറ്റു കോടതികൾക്കുള്ള ആവശ്യം ഇപ്പോഴും നിലനിൽക്കുന്നു.

<u>ശിപാർശ</u>

കീഴ്ക്കോടതികളിൽ അടിസ്ഥാനസൗകര്യ വികസനത്തിനാവശ്യമായ ഫോട്ടോകോപ്പിയർ, ഫർണിച്ചർ, ഇൻവർട്ടർ എന്നിവ വാങ്ങുന്നതിലേക്ക് 11,16,000 രൂപ കൂടി ആവശ്യമായതിനാൽ പ്രസ്തുത തുക ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക വിഹിതം നീക്കിവച്ചിട്ടില്ല. സർക്കാർ ഉത്തരവ് (പതിവ്) 1256/15/ധനകാര്യം തീയതി 18-2-2015 പ്രകാരം ധനപുനർവിനിയോഗം മുഖേന അനുവദിക്കപ്പെട്ട 4,50,000 രൂപ ഫർണിച്ചറുകൾ വാങ്ങുന്നതിലേക്കായി ഉപയോഗിക്കപ്പെട്ടു.

<u>ശിപാർശ</u>

കേരള ജുഡീഷ്യൽ അക്കാദമിയിലേക്ക് ഒരു ഇന്നോവ കാർ വാങ്ങുന്നതിന് 13,00,000 രൂപയും 49 സീറ്റിന്റെ ഒരു ടാറ്റാ ബസ് വാങ്ങുന്നതിന് 42,00,000 രൂപയും ചേർത്ത് ആകെ 55,00,000 രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിഹിതം നീക്കിവച്ചിട്ടില്ല. കേരള ജുഡീഷ്യൽ അക്കാദമിക്ക് അടിയന്തരമായി ഇന്നോവ കാറും 49 സീറ്റിന്റെ ബസും ആവശ്യമുണ്ട്.

<u>ശിപാർശ</u>

സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടർവൽക്കരണം ലക്ഷ്യമാക്കിയുള്ള ഈ പദ്ധതി NIC വഴിയാണ് നടപ്പാക്കുന്നത്. സൈറ്റ് ഒരുക്കൽ ജോലികൾ DG സെറ്റുകളുടെ സ്ഥാപനം ടെക്നിക്കൽ മാൻപവർ വിന്യസിക്കൽ എന്നിവയ്ക്ക് 2,26,79,000 രൂപയും ജില്ലാ

കോടതികളിൽ ടെക്നിക്കൽ മാൻപവർ വിന്യസിക്കാനായി 1,18,27,000 രൂപയും ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3,45,06,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സർക്കാർ സ്വീകരിച്ച നടപടി

I-ാം അനുബന്ധ ധനാഭ്യർത്ഥന മുഖേന അധിക വിഹിതമായി 2,21,77,000 രൂപ സർക്കാർ അനുവദിച്ചു. ഭൂരിഭാഗം തുകയും കുടിശ്ശിക നൽകുന്നതിലേക്കായി വിനിയോഗിച്ചു. I-ാം അനുബന്ധ ധനാഭ്യർത്ഥന 2015-16-ൽ ബാക്കി കുടിശ്ശികയ്ക്കായി അഭ്യർത്ഥന ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ

കോടതികളിൽ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ലക്ഷ്യം കൈവരിക്കാൻ നിലവിലുള്ള കമ്പ്യൂട്ടറുകൾ അപര്യാപ്തമാണ്. ആയതിനാൽ പുതിയ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനുമായി 3,44,81,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സർക്കാർ സ്വീകരിച്ച നടപടി

അധിക വിഹിതം നീക്കിവച്ചിട്ടില്ല. 2014-15-ലെ ബഡ്ജറ്റ് വിഹിതം 1,000 രൂപയാണ്. സർക്കാർ ഉത്തരവ് (പതിവ്) 2910/15/ധനകാര്യം തീയതി 28-3-2015 മുഖേന ധനപുനർവിനിയോഗത്തിലൂടെ 51,000 രൂപ അനുവദിക്കപ്പെട്ടിട്ടുണ്ട്. ശേഷിക്കുന്ന തുക ആവശ്യമുണ്ട്.

ശിപാർശ

അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ വേതനം 40,000 രൂപയായി ഉയർത്തിയിട്ടുള്ളതിനാൽ 1,82,40,000 രൂപ ഇതിലേക്കായി ആവശ്യമായിട്ടുണ്ട്. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനുപുറമെ ഈ ശീർഷകത്തിൽ 82,40,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അവസാന അനുബന്ധ ധനാഭ്യർത്ഥന മുഖേന സർക്കാർ അധിക വിഹിതമായി 1,20,00,000 രൂപ അനുവദിച്ചു. ആ വിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നതിന് കീഴ്ക്കോടതികൾക്ക് പുനർ വിതരണം ചെയ്തു.

(ഖണ്ഡിക 50 മുതൽ 54 വരെ—സർക്കാർ കത്ത് നമ്പർ 64425/സി5/2014/ആഭ്യന്തരം തീയതി 13-7-2015)

<u>ശിപാർശ</u>

2014-00-800-91—<u>കേരള സംസ്ഥാന മനുഷ്യാവകാശ സംരക്ഷണ കമ്മീഷൻ—1998 സഹായധനം</u>

കമ്മീഷന്റെ കമ്പ്യൂട്ടർവൽക്കരണം ഉൾപ്പെടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 3,19,53,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്തതിൻപ്രകാരം മൂന്ന് കോടി പത്തൊൻപത് ലക്ഷത്തി അൻപത്തിമൂവായിരം രൂപ (3,19,53,000 രൂപ) അനുവദിച്ച് കിട്ടുന്നതിനായി 16261/എച്ച്3/2014/നിയമം എന്ന നമ്പരിലുള്ള അനൗദ്യോഗിക ഫയൽ പ്രകാരം ധനകാര്യ വകുപ്പിനോടഭ്യർത്ഥിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 13524/പാർല./2014/നിയമം, തീയതി 10-11-2014)

<u>ശിപാർശ</u>

തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട്, തലശ്ശേരി എന്നിവിടങ്ങളിലെ ജില്ലാ കോടതികളിലേക്കും മാവേലിക്കര അഡീഷണൽ കോടതി, കൊച്ചി സബ് കോടതി, ചാവക്കാട് മുൻസിഫ് കോടതി, നെയ്യാറ്റിൻകര അഡീഷണൽ സെഷൻസ് കോടതി, വടകര കോടതി എന്നിവിടങ്ങളിലേക്കും പുതിയ കാർ വാങ്ങുന്നതിന് 75,00,000 രൂപ ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇതിലേക്കായി 74,99,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സർക്കാർ സ്വീകരിച്ച നടപടി

അധിക വിഹിതം നീക്കിവച്ചിട്ടില്ല. ബഡ്ജറ്റ് വിഹിതം 1,000 രൂപ ആയിരുന്നു. ആവശ്യം ഇപ്പോഴും നിലനിൽക്കുന്നു.

ശിപാർശ

2014-15 വർഷം കീഴ്ക്കോടതികളിലേക്ക് പുസ്തകങ്ങൾ വാങ്ങുന്നതിലേക്ക് 67,24,786 രൂപയും ജുഡീഷ്യൽ ഓഫീസർമാർക്ക് ഹോം ലൈബ്രറിക്കായി ഫർണിച്ചറുകൾ വാങ്ങുന്നതിലേക്കായി 4,48,24,000 രൂപയും ആവശ്യമായിട്ടുള്ളതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ആവശ്യങ്ങളിലേക്ക് നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 5,02,29,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സർക്കാർ സ്വീകരിച്ച നടപടി

അധിക വിഹിതം നീക്കിവച്ചിട്ടില്ല. സർക്കാർ നിർദ്ദേശം "അനുകൂല സമയത്തിനായി" താല്ക്കാലികമായി മാറ്റിവച്ചു.

(ഖണ്ഡിക 56, 57—സർക്കാർ കത്ത് നമ്പർ 64425/സി5/2014/ആഭ്യന്തരം തീയതി 13-7-2015)

ശിപാർശ

2015-00-103-99—സമ്മതിദായകരുടെ പട്ടിക തയ്യാറാക്കലും അച്ചടിയും

2013-14 വർഷത്തിൽ ബൂത്ത് ലെവൽ ഓഫീസർമാർക്ക് നൽകേണ്ട വാർഷിക പ്രതിഫലം ഫണ്ടിന്റെ അഭാവത്തിൽ നല്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത ഇനത്തിലുള്ള 15,40,22,000 രൂപയുടെ ബാദ്ധ്യത തീർക്കുന്നതിനും കൂടാതെ, ഇലക്ടറൽ റോൾ മാനേജ്മെന്റ് സിസ്റ്റ (Electoral Roll Management System)ത്തിന് ഈ വർഷം നടത്താനുദ്ദേശിച്ചിട്ടുള്ള കേന്ദ്രീകൃത ഡാറ്റാ മാനേജ്മെന്റിനും അതിന്റെ മെയിന്റനൻസിനുമുള്ള അധിക ചെലവുകൾക്കും ഈ ശീർഷകത്തിൽ 34,78,40,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം ഇലക്ഷൻ വകുപ്പിന് 34,78,40,000 രൂപ ഉപധനാഭ്യർത്ഥനവഴി ലഭ്യമാക്കാൻ ധന വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 3918/ഇ. എ I/2014/ഇലക്. തീയതി 11-8-2014)

ശിപാർശ

2015-00-101-99—സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

02—വേതനം

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ 2 പാർട്ട്-ടൈം സ്വീപ്പർമാർ, ദിവസവേതന അടിസ്ഥാനത്തിൽ ടൈപ്പിസ്റ്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഓഫീസർ, ഓഫീസ് അറ്റൻഡന്റ് തുടങ്ങിയവർ സേവനം അനുഷ്ഠിക്കുന്നുണ്ട്. ഇവരുടെ വേതനം നൽകുന്നതിനായി 2014-15-ലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2,50,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തെ തെരഞ്ഞെടുപ്പ് കമ്മീഷൻ 2 പാർട്ട്-ടൈം സ്വീപ്പർമാർ ജോലി നോക്കിവരുന്നു. ഇവർക്ക് പുറമേ, നിലവിലുള്ള തസ്തികകളിൽ ഒഴിവ് വരുന്ന സാഹചര്യത്തിൽ ടൈപ്പിസ്റ്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ, ഓഫീസ് അറ്റൻഡന്റ് തുടങ്ങിയവർ ദിവസവേതന അടിസ്ഥാനത്തിൽ ജോലി നോക്കി വരുന്നുണ്ട്. ഇവർക്കുള്ള വേതനം '2015-101-99-02—വേതനം' എന്ന ശീർഷകത്തിൽ നിന്നാണ് നൽകുന്നത്. 2014-15-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 7,27,000 രൂപയാണ് അനുവദിച്ചിരുന്നത്. ഈ ശീർഷകത്തിൽ 30-6-2014-ൽ 4,73,729 രൂപ ബാക്കിയുണ്ട്. മേൽ തുക തീരുന്നമുറയ്ക്ക് 2,50,000 രൂപ അധികമായി അനുവദിക്കുന്നതിന് സർക്കാരിനോട് ആവശ്യപ്പെടുന്നതാണെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

ശിപാർശ

2015-00-109-99—പഞ്ചായത്തുകളിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും തെരഞ്ഞെടുപ്പുകൾ നടത്തിപ്പ്

34—മറ്റ് ചെലവുകൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതെരഞ്ഞെടുപ്പിനും കാലാകാലങ്ങളിലുണ്ടാകുന്ന ഉപതെരഞ്ഞെടുപ്പുകൾക്കും ആവശ്യമായി വരുന്ന തുകയും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങളുടെ

ചെലവുകളും ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 2015-ലെ പൊതുതെരഞ്ഞെടുപ്പ് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ച് നടത്തുന്നതിനും മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും വോട്ടർ പട്ടിക ഫോട്ടോ പതിച്ച് തയ്യാറാക്കുന്നതിനും കമ്മീഷൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം ഇതിന് പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2015-ലെ പൊതു തെരഞ്ഞെടുപ്പിന് ആവശ്യമായി വരുന്ന 40,000 മെഷീനുകളിൽ, 2014-15 വർഷം ഒന്നാം ഘട്ടമായി 18,000 മെഷീനുകൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 18,70,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2015-ൽ നടത്തേണ്ട പൊതുതെരഞ്ഞെടുപ്പിൽ ത്രിതല പഞ്ചായത്തുകളിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ഉപയോഗിക്കുന്നതിനുവേണ്ടി വരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് യഥാക്രമം 9 ലക്ഷം, 5 ലക്ഷം, 20 ലക്ഷം എന്ന ക്രമത്തിൽ നീക്കിവയ്ക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 9-6-2014-ലെ സ.ഉ. (സാധാ.) നമ്പർ 1437/2014/തസ്വഭവ. നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിന് അധികമായി ഫണ്ട് ആവശ്യമില്ലായെന്ന് കാണുന്നു.

സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വോട്ടർപട്ടികകൾ ഫോട്ടോ പതിച്ച് തയ്യാറാക്കുന്നതിന് ബൂത്ത് തലത്തിൽ വെരിഫിക്കേഷന് ചുമതലപ്പെടുത്തിയിട്ടുള്ളവർക്ക് ഓണറേറിയം നൽകുന്നതിനും, സോഫ്റ്റ്‌വെയർ തുടങ്ങിയ സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിന് NIC-യ്ക്ക് നൽകുന്നതിനും മറ്റും 2.30 കോടി രൂപ ആവശ്യമായി വരുന്നു. ഇതിലേക്ക് 1.30 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും, RGPSA ഗ്രാന്റിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. അധികമായി വേണ്ടിവരുന്ന ഒരു കോടി രൂപ അനുവദിക്കുന്നതിനുള്ള അപേക്ഷ പരിശോധിച്ചുവരുന്നു.

(ഖണ്ഡിക 59, 60—സർക്കാർ കത്ത് നമ്പർ 41529/ഇഎം2/2014/തസ്വഭവ. തീയതി 31-10-2014)

## ശിപാർശ

### 2055—പോലീസ്

2014-2015 വർഷത്തേക്ക് ഈ ശീർഷകത്തിലെ വിവിധ കണക്കിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെ പറയുന്ന ഓരോ കണക്കിനത്തിനോടൊപ്പം ചേർത്തിരിക്കുന്ന തുക ഓരോന്നിലും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | (രൂപയിൽ) |
|---|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | .. | 57,00,000 |
| 02—വേതനം | .. | 3,78,94,000 |
| 04-1—യാത്രാബത്ത | .. | 13,76,29,000 |
| 05-01—വെള്ളക്കരം | .. | 17,69,000 |
| 03—ടെലിഫോൺ ചാർജ് | .. | 1,05,45,000 |
| 05-4—മറ്റിനങ്ങൾ | .. | 1,60,09,000 |
| 12—സ്കോളർഷിപ്പും സ്റ്റൈപ്പന്റും | .. | 31,90,000 |
| 18—കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി | .. | 6,31,62,000 |
| 21-2—വാഹനങ്ങളുടെ അറ്റകുറ്റപ്പണി | .. | 80,81,000 |
| 34—മറ്റു ചെലവുകൾ | .. | 2,27,47,000 |
| 45—പി.ഒ.എൽ. | .. | 20,29,41,000 |

(ഖണ്ഡിക 61)

## സർക്കാർ സ്വീകരിച്ച നടപടി

മെഡിക്കൽ റീഇംബേഴ്സ്മെന്റ് ജി.ഒ. (ആർറ്റി.) നമ്പർ 2011/15/ഫിൻ. തീയതി 10-3-2015 പ്രകാരം 1,83,000 രൂപ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ ലഭിച്ചിട്ടുണ്ട്. റീഇംബേഴ്സ്മെന്റ് ഇനത്തിൽ ധനപുനഃവിനിയോഗംവഴി 2 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. വേതനം ശീർഷകത്തിൽ ആവശ്യമായ അധിക തുക ധനപുനർവിനിയോഗംവഴി കണ്ടെത്തിയിട്ടുണ്ട്.

<u>യാത്രാബത്ത</u>

ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 2055-104-98—IR Bn-04—Tour TA എന്ന ശീർഷകത്തിൽ 30 ലക്ഷം രൂപയും 2055-003-98—KEPA-04—Tour TA എന്ന ശീർഷകത്തിൽ 4 ലക്ഷം രൂപയും 2055-112-98—Coastal Police-04—Tour TA എന്ന ശീർഷകത്തിൽ 3 ലക്ഷം രൂപയും അധികമായി ലഭിച്ചിട്ടുണ്ട്.

<u>ടെലിഫോൺ ചാർജ്</u>

ജി.ഒ. (ആർറ്റി.) നമ്പർ 7496/2014/ഫിൻ. തീയതി 29-5-2014 പ്രകാരം 8,09,000 രൂപയും ജി.ഒ. (ആർറ്റി.) നമ്പർ 7710/2014/ഫിൻ. തീയതി 13-10-2014 പ്രകാരം 30,000 രൂപയും അധിക തുകയായി അനുവദിച്ചിരുന്നു. ഈ ശീർഷകത്തിൽ അധികമായി വേണ്ടിവന്ന തുക ധനപുനർവിനിയോഗംവഴിയും കണ്ടെത്തിയിട്ടുണ്ട്.

05-4—<u>മറ്റിനങ്ങൾ</u>

ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതത്തിനു പുറമെ ജി.ഒ. (ആർറ്റി.) നമ്പർ 690/2015/ഫിൻ. തീയതി 29-1-2015 പ്രകാരം 1,74,47,000 രൂപ ജില്ലാ പോലീസ് ഓഫീസുകളിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് തുക അടയ്ക്കുന്നതിന് അധികമായി അനുവദിച്ചു.

<u>സ്കോളർഷിപ്പും സ്റ്റൈപ്പന്റും</u>

ടി ഇനത്തിൽ 003-99-പി.റ്റി.സി-12—സ്കോളർഷിപ്പ് & സ്റ്റൈപ്പന്റ് എന്ന ശീർഷകത്തിൽ 1,50,00,000 രൂപ റിസർവ് സബ് ഇൻസ്പെക്ടർ ട്രെയിനികൾക്കായുള്ള സ്റ്റൈപ്പന്റ് വിതരണം ചെയ്യുന്നതിനായി അധിക തുകയായി അനുവദിച്ചിട്ടുണ്ട്. ജി.ഒ. (ആർറ്റി.) നമ്പർ 4736/2014/ഫിൻ. (തീയതി 16-6-2014) ഉത്തരവ് പ്രകാരം കേരള പോലീസ് അക്കാഡമിയിലെ സബ് ഇൻസ്പെക്ടർമാരുടെയും (ജനറൽ എക്സിക്യൂട്ടീവ്) വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെയും ട്രെയിനിംഗുമായി ബന്ധപ്പെട്ട ചെലവിലേക്കായി ബഡ്ജറ്റ് വിഹിതത്തിനു പുറമെ 2055-003-98—KEPA-12—Scholarship & Stipend എന്ന ശീർഷകത്തിൽ 1 കോടി രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

18—<u>കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി</u>

ജി.ഒ. (ആർറ്റി.) 1961/2015/ഫിൻ. തീയതി 10-3-2015 പ്രകാരം 80 ലക്ഷം രൂപ മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

21-2—വാഹനങ്ങളുടെ അറ്റകുറ്റപ്പണി

ഈ ശീർഷകത്തിൽ അധികമായി വേണ്ടിവന്ന തുക ധനപുനർവിനിയോഗംവഴി കണ്ടെത്തിയിട്ടുണ്ട്.

34—മറ്റുചെലവുകൾ

ജി.ഒ. (ആർറ്റി.) 8859/2014/ഫിൻ. തീയതി 25-11-2014 പ്രകാരം 1 കോടി രൂപ 2055-109-99-34—മറ്റ ചെലവുകൾ എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്നു. ഇതിനുപുറമെ 94,08,000 രൂപ അധിക തുകയായി ലഭിച്ചിട്ടുണ്ട്.

45—പി.ഒ.എൽ.

ബഡ്ജറ്റ് വിഹിതത്തിനു പുറമെ 65 ലക്ഷം രൂപ അധിക തുകയായി അനുവദിച്ചിരുന്നു. അത്യാവശ്യ ബാദ്ധ്യതകൾ തീർക്കാൻ ധനപുനർവിനിയോഗംവഴിയും ഫണ്ട് കണ്ടെത്തി.

ശിപാർശ

19—യന്ത്രോപകരണങ്ങൾ

ഈ ശീർഷകത്തിൽ 2014-15 വർഷത്തേക്ക് 2165.45 ലക്ഷം രൂപ ആവശ്യപ്പെട്ടതിൽ 832.47 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പോലീസുദ്യോഗസ്ഥരുടെ പരിശീലനത്തിനും കമാൻഡോ പരിശീലനത്തിനുമുള്ള ബുള്ളറ്റുകൾ വാങ്ങുന്നതിനും ഇന്ത്യാ റിസർവ് ബറ്റാലിയനിലേക്കും ഇതര ബറ്റാലിയനുകളിലേക്കും റിക്രൂട്ട്മെന്റ് പൂർത്തിയാക്കി ട്രെയിനിംഗ് നൽകുന്നതിനുള്ള ആയുധങ്ങൾ, വെടിക്കോപ്പുകൾ മുതലായവയ്ക്കും വൻതുക ആവശ്യമാണ്. കൂടാതെ പോലീസ് ആശുപത്രികളിലെ ഉപകരണങ്ങൾ, ഫോറൻസിക് സയൻസ് ലാബിലേക്കുള്ള ഉപകരണങ്ങൾ, രാസപദാർത്ഥങ്ങൾ, ടെലിക്കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, ശ്രീ പത്മനാഭസ്വാമി ക്ഷേത്രം, ശബരിമല ക്ഷേത്രം തുടങ്ങിയവയുടെ സുരക്ഷയ്ക്ക് ഉപയോഗിക്കുന്ന ആധുനിക യന്ത്രോപകരണങ്ങൾ എന്നിവയ്ക്കും വിനിയോഗിക്കേണ്ടത് ഈ ശീർഷകത്തിലെ പണമാണ്. ആധുനിക യന്ത്രോപകരണങ്ങൾ സ്വായത്തമാക്കി പോലീസ് സേനയെ പുതിയ വെല്ലുവിളികൾ ഫലപ്രദമായി നേരിടുന്നതിന് സജ്ജമാക്കേണ്ടതുള്ളതിനാൽ ഇതിലേക്ക് 13,32,98,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ നിന്നും ചെലവുകൾ നിർവ്വഹിച്ചിട്ടുണ്ട്.

ശിപാർശ

21-1—വാഹനങ്ങൾ വാങ്ങൽ

വകുപ്പിന് വാഹനങ്ങൾ വാങ്ങുന്നതിന് 2014-15 സാമ്പത്തിക വർഷം 5,56,81,000 രൂപ ആവശ്യപ്പെട്ടെങ്കിലും തുക ഒന്നും വകയിരുത്തിയിട്ടില്ല. ക്രമസമാധാനപാലനത്തിൽ നേരിട്ട് ബന്ധപ്പെടാത്ത പോലീസ് യൂണിറ്റുകൾക്കും ഹെഡ്ക്വാർട്ടർ യൂണിറ്റുകൾക്കും വാഹനങ്ങൾ വാങ്ങുന്നതിനും വകുപ്പിലെ നിരവധി വാഹനങ്ങൾ കണ്ടം ചെയ്യുന്നതിന പകരമായി പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 5,56,81,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സർക്കാർ സ്വീകരിച്ച നടപടി

സാമ്പത്തികനില മോശമായതിനാൽ ധനകാര്യ വകുപ്പ് അധികതുക ലഭ്യമാക്കിയില്ല.

ശിപാർശ

2055-00-101-98—സ്പെഷ്യൽ ബ്രാഞ്ച് സി. ഐ. ഡി.

19—യന്ത്രോപകരണങ്ങൾ

ആന്റി നക്സൽ ഓപ്പറേഷൻ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് 6.5 കോടി രൂപ ലഭിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതി നടപ്പിലേക്ക് ആവശ്യമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് 1,00,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സർക്കാർ സ്വീകരിച്ച നടപടി

സാമ്പത്തികനില മോശമായതിനാൽ ധനകാര്യ വകുപ്പ് അധികതുക ലഭ്യമാക്കിയില്ല.

ശിപാർശ

2055-00-115-98—പോലീസ് വകുപ്പ് നവീകരിക്കുന്നതിന്—സംസ്ഥാന പ്ലാൻ പദ്ധതി

ഈ പദ്ധതിയിൽ 1876.50 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചതിൽ 1800 ലക്ഷം രൂപയും ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെന്റർ അവയർനസ്സിൽ 863.10 ലക്ഷം രൂപ ആവശ്യപ്പെട്ടതിൽ 550 ലക്ഷം രൂപയുമാണ് ലഭിച്ചതെന്ന് സമിതിയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. പദ്ധതി പൂർണ്ണമായും നടപ്പിൽ വരുത്തുന്നതിലേക്കായി ബാക്കി തുകയായ 3,13,10,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സർക്കാർ സ്വീകരിച്ച നടപടി

പോലീസ് വകുപ്പിന്റെ നവീകരണത്തിനായി 2055-00-115-98 എന്ന ഹെഡ്ഡിൽ അനുവദിച്ച 23,50,00,000 രൂപയിൽ 20,21,51,544 രൂപ വിനിയോഗിച്ച് പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ട്.

ശിപാർശ

4055-00-800-96—പോലീസ് ആസ്ഥാനമന്ദിര നിർമ്മാണം

കേരളാ പോലീസ് ആസ്ഥാനമന്ദിരം 13 നിലകളിലായി പണി പൂർത്തിയാക്കാൻ ആസൂത്രണം ചെയ്തിരുന്നുവെങ്കിലും ഇപ്പോൾ 7 നിലകൾ പൂർത്തിയാക്കി ഫണ്ടിന്റെ അഭാവത്തിൽ പണി നിർത്തിവെച്ചിരിക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇതിന്റെ പണി ഘട്ടംഘട്ടമായി പൂർത്തിയാക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം 4,99,99,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സർക്കാർ സ്വീകരിച്ച നടപടി

പോലീസ് ആസ്ഥാനമന്ദിരം KPHCC-യുടെ പ്ലാൻ സ്കീമിൽ ലഭിച്ച 2 കോടി രൂപ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. പതിമൂന്നാം ധനകാര്യ കമ്മീഷൻ വഴി 2011-12, 2012-13, 2013-14 സാമ്പത്തിക വർഷത്തിൽ ലഭിച്ച 1.5 കോടി രൂപ ഉപയോഗിച്ച് State Level Foreigners Facilitation Centre-ന്റെ നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരുന്നു.

ശിപാർശ

ഇൻഫർമേഷൻ ടെക്നോളജി

പോലീസ് ഡിപ്പാർട്ട്മെന്റിലെ കമ്പ്യൂട്ടറുകളുടെയും നെറ്റ്വർക്കുകളുടെയും അറ്റകുറ്റപ്പണികൾക്കും 7000-ത്തിലധികം കമ്പ്യൂട്ടറുകൾ പുതുതായി യൂണിറ്റുകൾക്ക് വാങ്ങി നൽകുന്നതിനുമായി 1,50,55,000 രൂപ ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാന പ്ലാൻ പദ്ധതിയിൽ Internal Administrative Processing System പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 1.9 കോടി രൂപയും ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂഷൻ അപ്ഗ്രേഡ് ചെയ്യുന്നതിലേക്കുമായി 1.2 കോടി രൂപയും നീക്കിവെച്ചിട്ടുണ്ട്.

ശിപാർശ

പോലീസ് സേന നവീകരിക്കുന്നതിന്

സംസ്ഥാന ബഡ്ജറ്റിൽ മോഡേണൈസേഷൻ ഹെഡ്ഡിൽ പ്ലാൻ ഫണ്ടിന് പ്രത്യേകം ഹെഡ് ഓഫ് അക്കൗണ്ട് നിലവിൽ ഇല്ല എന്നും പ്രസ്തുത ഹെഡ്ഡിൽ കേന്ദ്ര വിഹിതമായി 29.94 കോടി രൂപ "4055—Capital outlay on Police-211 Police Housing-97—Modernisation of Police Forces" ഹെഡ്ഡിലാണ് സപ്ലിമെന്ററി ഡിമാന്റ് ഗ്രാന്റിലൂടെ ലഭിച്ചിട്ടുള്ളതെന്നും സമിതിയിൽ വെളിവാക്കപ്പെട്ടു. ഇതിന് ആനുപാതികമായി സംസ്ഥാന വിഹിതമായ 19.96 കോടി രൂപ സപ്ലിമെന്ററി ഡിമാന്റ് ഗ്രാന്റിലൂടെ ലഭിച്ചിട്ടില്ല. പ്രസ്തുത തുക ബഡ്ജറ്റിലൂടെ ലഭിച്ചാൽ മാത്രമേ 2013-14 സാമ്പത്തിക വർഷത്തെ മോഡേണൈസേഷൻ ഓഫ് പോലീസ് സ്കീം പൂർണ്ണമായി നടപ്പിലാക്കാൻ കഴിയുകയുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മോഡേണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് പ്ലാൻ ഹെഡ്ഡിൽ സംസ്ഥാന വിഹിതമായ 19,96,00,000 രൂപ പോലീസ് വകുപ്പിന് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

സർക്കാർ സ്വീകരിച്ച നടപടി

2014-15-ലെ ഉപധനാഭ്യർത്ഥനവഴി മുഴുവൻ തുകയും ലഭ്യമായിട്ടുണ്ട്.

ശിപാർശ

ശബരിമലയിലും പമ്പയിലും പോലീസ് മെസ്സുകളുടെ നിർമ്മാണം

ശബരിമലയിലെ പമ്പയിലും സന്നിധാനത്തും പുതിയ പോലീസ് മെസ്സുകൾ 3,40,85,282 രൂപ ഉപയോഗപ്പെടുത്തി നിർമ്മിക്കുന്നതിന് കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിക്കൊണ്ട് ജി.ഒ. (എംഎസ്.) 260/ ആഭ്യന്തരം/2013 തീയതി 18-10-2013 പ്രകാരം ഭരണാനുമതി ലഭിച്ചുവെങ്കിലും നാളിതുവരെ ഇതിനാവശ്യമായ തുക ബഡ്ജറ്റിലൂടെയോ സപ്ലിമെന്ററി ഡിമാന്റ് ഗ്രാന്റായോ ലഭിച്ചിട്ടില്ല. കൂടാതെ കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ KPHCC കത്ത് നമ്പർ TPS/2189/KPHCC/2012 തീയതി 18-10-2013 പ്രകാരം പ്രൊപ്പോസലിൽ സൂചിപ്പിച്ചിട്ടുള്ള ടെണ്ടർ എക്സസ് തുക ഉൾപ്പെടെ 4,33,09,000 രൂപ അനുവദിക്കണമെന്ന് സർക്കാരിനോട് നേരിട്ട് ആവശ്യപ്പെട്ടെങ്കിലും ഈ തുക നാളിതുവരെ ലഭിച്ചിട്ടില്ല എന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 4,33,09,000 രൂപ പമ്പയിലും സന്നിധാനത്തും പുതിയ പോലീസ് മെസ്സുകൾ നിർമ്മിക്കുന്നതിന് പോലീസ് വകുപ്പിന് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

സർക്കാർ സ്വീകരിച്ച നടപടി

പമ്പയിലും സന്നിധാനത്തെയും പോലീസ് മെസ്സുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട തുക MoPF-ൽ (കേന്ദ്ര വിഹിതം) ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

ശ്രീകാര്യം, കരമന, തുമ്പ, പൊൻമുടി, നെയ്യാറ്റിൻകര, ഏഴുകോൺ, തെന്മല, മൂഴിയാർ, പുളികീഴ്, പെരിനാട്, വിയ്യൂപുരം, അരൂർ, കുറത്തിക്കാട്, കരിയിലകുളങ്ങര, പള്ളിക്കത്തോട്, തലയോലപ്പറമ്പ്, ഉദയംപേരൂർ, തടിയിട്ടപറമ്പ്, തൃത്താല, എടക്കര, കരിപ്പൂർ, വാഴക്കാട്, ചോമ്പാല, കണ്ണവം എന്നീ 24 പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് 7,20,00,000 രൂപ 4055-00-207-97-(01) എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

സർക്കാർ സ്വീകരിച്ച നടപടി

ഉദയംപേരൂർ, തടിയിട്ടപറമ്പ് എന്നീ പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണം MoPF (സെൻട്രൽ ഷെയർ) സ്കീമിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. തുമ്പ, പൊന്മുടി, നെയ്യാറ്റിൻകര, ഏഴുകോൺ, കുറത്തിക്കാട്, തൂത്താല, ചോമ്പാല, പള്ളിക്കത്തോട് എന്നീ പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണം MoPF (സെൻട്രൽ ഷെയർ) സ്കീമിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇവയിൽ നെയ്യാറ്റിൻകര പോലീസ് സ്റ്റേഷന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. ശ്രീകാര്യം, കരമന, തെന്മല, മൂഴിയാർ, പുളിക്കീഴ്, പെരിനാട്, വിയ്യാപുരം, അത്രൂർ, തലയോലപ്പറമ്പ്, എടക്കര, കരിപ്പൂർ, വാഴക്കാട്, കണ്ണവം, കരിയിലകുളങ്ങര എന്നീ പോലീസ് സ്റ്റേഷനുകളുടെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ശിപാർശ

കോട്ടയം ജില്ലാ പോലീസ് ഓഫീസ് കോംപ്ലക്സ് നിർമ്മാണം

കോട്ടയം ജില്ലാ പോലീസ് ഓഫീസ് കോംപ്ലക്സ് നിർമ്മാണത്തിന് 3,67,00,000 രൂപ 4055-00-207-97-(01)—മേജർ വർക്സ് എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

സർക്കാർ സ്വീകരിച്ച നടപടി

സാമ്പത്തികനില മോശമായതിനാൽ ധനകാര്യ വകുപ്പ് അധികതുക ലഭ്യമാക്കിയില്ല.

(ഖണ്ഡിക 61 മുതൽ 71 വരെ—സർക്കാർ കത്ത് നമ്പർ 64503/ഇ 4/2014/ ആഭ്യന്തരം തീയതി 24-6-2015)

ശിപാർശ

2013-14 സാമ്പത്തിക വർഷം ജയിൽ വകുപ്പിന് നോൺ പ്ലാൻ ഇനത്തിൽ അനുവദിച്ചിരുന്ന തുക അപര്യാപ്തമായതിനാൽ ഏകദേശം 4 കോടി 20 ലക്ഷം രൂപയുടെ ബില്ലുകൾ പെൻഡിംഗിലുള്ളതിനാലും തടവുകാരുടെ എണ്ണത്തിലും വേതനം, ബാറ്റ, മരുന്നും ചികിത്സാ ചെലവും, ആഹാരസാധനങ്ങൾ ഉൾപ്പെടെയുള്ള ദൈനംദിന ചെലവിനും ഇന്ധനവിലയിലും ഉണ്ടായിട്ടുള്ള വർദ്ധനവും മറ്റും കണക്കാക്കുമ്പോഴും നിലവിലെ ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 7,61,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സർക്കാർ സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക അപര്യാപ്തമായതിനാൽ 7,82,50,000 രൂപ (ഏഴ് കോടി എൺപത്തിരണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അധികമായി അനുവദിക്കണമെന്ന് അഡീഷണൽ ഓതറൈസേഷൻ വഴിയും എസ്.ഡി.ജി.വഴിയും പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആയതിൻപ്രകാരം 2014-15 സാമ്പത്തിക വർഷം ജയിൽ വകുപ്പിന് ആകെ 2,92,40,000 രൂപ അനുവദിച്ചു.

ശിപാർശ

കൊല്ലം, പത്തനംതിട്ട ജില്ലാ ജയിലുകളിൽ പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിനായി 4059-60-051-71 എന്ന ശീർഷകത്തിൽ (ഡിമാന്റ് നമ്പർ XV) 2,50,00,000 രൂപ കൂടി അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

സർക്കാർ സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷത്തെ 'ജയിലുകളുടെ നവീകരണം' വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം, പത്തനംതിട്ട ജയിലുകളിൽ പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിനായി 4059-60-051-71 എന്ന ശീർഷകത്തിൽ 3.50 കോടി രൂപ പൊതുമരാമത്ത് വകുപ്പ് അക്കൗണ്ട് ഹെഡിൽ വകയിരുത്തിയിരുന്നു.

എന്നാൽ ടി പദ്ധതികൾക്ക് പദ്ധതി തുക പര്യാപ്തമല്ലാത്തതിനാലും സി.സി.റ്റി.വി. സംവിധാനം, മിന്നൽ രക്ഷാചാലകം തുടങ്ങിയ അടിയന്തര പ്രാധാന്യമുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതിനാലും ആയതിനുള്ള ഫണ്ട് ലഭിക്കാൻ മറ്റ് സംവിധാനം ഇല്ലാത്തതിനാലും 2014-15 വർഷത്തെ പദ്ധതി തുക പൊതുമരാമത്ത് വകുപ്പ് ബഡ്ജറ്റ് ശീർഷകത്തിൽ ഉൾപ്പെടുത്തിയത് റദ്ദ് ചെയ്തു ജയിൽ വകുപ്പിന്റെ ഹെഡിൽ അനുവദിക്കുന്നതിന് ജയിൽ വകുപ്പ് സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചു. ആയതിൻപ്രകാരം ജയിൽ വകുപ്പിന്റെ അക്കൗണ്ട് ഹെഡിൽ 21-3-2015-ലെ സ.ഉ. (സാധാ.) നമ്പർ 55/15 ആഭ്യന്തരം ഉത്തരവ് പ്രകാരം 3.50 കോടി രൂപ അനുവദിച്ചു.

(ഖണ്ഡിക 72, 73—സർക്കാർ കത്ത് നമ്പർ 64405/ബി 2/14/ആഭ്യന്തരം തീയതി 14-7-2015)

768/2015.

ശിപാർശ

2058-00-001-93—യൂണിറ്റ് ഓഫീസുകളുടെ നിർമ്മാണം/സ്ഥലം വാങ്ങൽ

കോഴിക്കോട് മേഖലാ സ്റ്റേഷനറി ഓഫീസിന് പുതിയ കെട്ടിടം പണിയുന്നതിനും വയനാട് ജില്ലാ സ്റ്റേഷനറി ഓഫീസിനു വേണ്ടി കെട്ടിടം പണിയുന്നതിനും 2012-13 വർഷം 90 ലക്ഷം രൂപയും 2013-14 വർഷത്തിൽ 100 ലക്ഷം രൂപയും അനുവദിച്ചിരുന്നു. ഈ തുകകൾ പി.ഡബ്ല്യൂ.ഡി.ക്ക് കൈമാറിയിരുന്നുവെങ്കിലും മുഴുവൻ തുകയും ലഭ്യമാക്കിയാലേ ടെണ്ടർ നടപടികൾ തുടങ്ങുകയുള്ളൂ. കോഴിക്കോട് ഓഫീസിന് കെട്ടിടം പണിയുന്നതിന് 390 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആണുള്ളത്. ഈ സാഹചര്യത്തിൽ 2,30,00,000 രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2058-00-001-99—നടത്തിപ്പ്

02—വേതനം

വകുപ്പിൽ പത്ത് പാർട്ട്-ടൈം സ്വീപ്പർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുള്ളതിനാൽ ആയത് ഉൾപ്പെടെയുള്ള ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 11,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

സർക്കാർ സ്വീകരിച്ച നടപടി

പാർട്ട്-ടൈം സ്വീപ്പർമാരുടെ തസ്തിക സൃഷ്ടിക്കണമെന്ന ശിപാർശയിന്മേൽ തീരുമാനമാകാത്തതിനാൽ തുക അനുവദിക്കുന്നതിന് ശിപാർശ സമർപ്പിച്ചിട്ടില്ല.

ശിപാർശ

06—വാടക, കരം, നികുതി

കോഴിക്കോട് മേഖലാ സ്റ്റേഷനറി ഓഫീസിനുള്ള പുതിയ കെട്ടിടത്തിന്റെ പണി ആരംഭിക്കുന്നതിനാൽ നിലവിലുള്ള ഓഫീസ് വാടകക്കെട്ടിടത്തിൽ മാറേണ്ടി വരുന്നതിനാലും കൂടാതെ ആലപ്പുഴയിലെ വാടകക്കുടിശ്ശിക നൽകേണ്ടതിനാലും ഈ ശീർഷകത്തിൽ 13,00,000 രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

സർക്കാർ സ്വീകരിച്ച നടപടി

3-9-2014-ലെ G.O. (Rt.) 6929/14/Fin. 30-12-2014-ലെ G.O. (Rt.) 9834/14/Fin. എന്നിവ പ്രകാരം ആലപ്പുഴ ജില്ലാ സ്റ്റേഷനറി ഓഫീസ് വാടകക്കുടിശ്ശികയിനത്തിൽ 11.20 ലക്ഷം രൂപ 2058-001-99-06—(NP-V) എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

വകുപ്പിന് ഒരു പുതിയ കാർ വാങ്ങുന്നതിന് 8,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

സർക്കാർ സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2058-00-101-99—സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ

19—യന്ത്രോപകരണങ്ങൾ

കമ്പ്യൂട്ടറുകൾ വ്യാപകമാകുന്നതോടെ ടൈപ്പ്റൈറ്ററുകളുടെ ഉപയോഗം കുറയുമെങ്കിലും അവ വാങ്ങിനൽകുന്നത് പൂർണ്ണമായി നിർത്താൻ കഴിയുന്നതല്ല എന്നും കൂടാതെ വിവിധ ഓഫീസുകളിൽ നിന്നും ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ, ഇലക്ട്രോണിക് വെയിംഗ് ബാലൻസ് എന്നിവ വാങ്ങിനൽകണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതിനാലും അനുവദിച്ച വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 21,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

സർക്കാർ സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

ശിപാർശ

24—സാധനസാമഗ്രികൾ

ഗവൺമെന്റ് പ്രസ്സുകളുടെ അച്ചടിക്കുള്ള വിവിധയിനം പേപ്പറുകളും അതുപോലെ എല്ലാ സർക്കാർ ഓഫീസുകൾക്കും ആവശ്യമുള്ള വിവിധതരം പേപ്പറുകളും സ്റ്റേഷനറി സാധനങ്ങളും വാങ്ങി നൽകുന്നതിനും 2013-14 വർഷത്തെ കുടിശ്ശിക തീർക്കുന്നതിനുമുൾപ്പെടെയുള്ള ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 19,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

സർക്കാർ സ്വീകരിച്ച നടപടി

ആകെ അഞ്ചു കോടി രൂപ അനുവദിച്ചിട്ടുണ്ട്. 17-3-2015-ലെ G.O. (Rt.) 2245/15/Fin. പ്രകാരം 24—സാധനസാമഗ്രികൾ എന്ന ശീർഷകത്തിലേക്ക് 300 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനായി 8-10-2014-ലെ സ.ഉ. (സാധാ.) 7628/14/ഫിൻ. പ്രകാരം 200 ലക്ഷം രൂപ 2058-101-99-24 എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2058-00-103-99—ഗവൺമെന്റ് പ്രസ്സുകൾ

01-06—ഓവർടൈം അലവൻസ്

അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കുടിശ്ശികയായ ഓവർടൈം അലവൻസ് തുക നൽകാത്തതിനാൽ ജീവനക്കാർ ഓവർടൈം ജോലി ചെയ്യുന്നതിന് വിമുഖത കാണിക്കുന്നതായും ഇത് സമയബന്ധിതമായി ചെയ്തുതീർക്കേണ്ട പല അടിയന്തര ജോലികളെയും ബാധിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ജീവനക്കാർക്ക് കുടിശ്ശികയായ ഓവർടൈം അലവൻസ് തുക കൊടുക്കുന്നതിന് 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

05-4—മറ്റിനങ്ങൾ

അച്ചടി വകുപ്പിൽ പുതുതായി പണികഴിപ്പിച്ച ആസ്ഥാന മന്ദിരത്തിലേക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ഉടൻ പ്രവർത്തനമാരംഭിക്കുന്ന ഓഫീസിന് ആവശ്യമായ ഫർണിച്ചർ വാങ്ങുന്നതിനായി 40,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

സർക്കാർ സ്വീകരിച്ച നടപടി

31-3-2014-നാണ് ധനകാര്യ വകുപ്പിൽ നിന്നും തുക അനുവദിച്ച് ഫയൽ ലഭ്യമായ തെന്നതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല.

ശിപാർശ

18—സംരക്ഷണം

അച്ചടി വകുപ്പിൽ ഇപ്പോൾ പ്രവർത്തിക്കുന്ന പല മെഷീനുകളും 10 വർഷത്തിനുമേൽ പഴക്കമുള്ളതാണ്. റിപ്പയർ ജോലികൾ യഥാസമയം ചെയ്തില്ലെങ്കിൽ മെഷീനുകൾ പ്രവർത്തനരഹിതമാകുമെന്നത് മാത്രമല്ല ജീവനക്കാരുടെ ജോലിക്ക് തടസ്സം നേരിടുകയും ചെയ്യുമെന്ന് സമിതി വിലയിരുത്തുന്നു. അച്ചടി വകുപ്പിന്റെ കീഴിലുള്ള 11 പ്രസ്സുകളിലെ വിവിധ മെഷീനുകളുടെ റിപ്പയർ ജോലി ചെയ്യുന്നതിനും സ്പെയർ പാർട്സ് വാങ്ങുന്നതിനും മറ്റുമായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 10 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

34—മറ്റ് ചെലവുകൾ

ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

(ഖണ്ഡിക 74 മുതൽ 83 വരെ—സർക്കാർ കത്ത് നമ്പർ 18704/എച്ച്3/2014/ഉ.വി.വ. തീയതി 2-7-2015)

ശിപാർശ

2070-00-003-97—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

2014-15 വർഷത്തേക്ക് പദ്ധതിയിനത്തിൽ 2325 ലക്ഷം രൂപ ആവശ്യപ്പെട്ടതിൽ 385 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഐ.എം.ജി. തിരുവനന്തപുരം ബാർട്ടൺ ഹിൽ ക്യാമ്പസിൽ എക്സിക്യൂട്ടീവ് ഹോസ്റ്റലിന്റെ ഫർണിഷിംഗിന് ആവശ്യമായ തുകയും റീജിയണൽ സെന്റർ-കൊച്ചി, റീജിയണൽ സെന്റർ-കോഴിക്കോട് എന്നിവിടങ്ങളിലെ മൂലധന ചെലവുകൾക്കുമായി ആവശ്യപ്പെട്ടിരുന്ന തുകയും കൂടാതെ കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിലെ ഹോസ്റ്റൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്ക് ആവശ്യപ്പെട്ട തുകയും അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇതിലേക്ക് വകുപ്പ് ആവശ്യപ്പെട്ട തുക അനുവദിച്ച് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ പദ്ധതിയേതര ചെലവുകൾക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 9,34,26,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 84, 85)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിലുള്ള സാമ്പത്തിക സ്ഥിതി പരിഗണിച്ച് അധിക തുക അനുവദിക്കുവാൻ സാധിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 13262/എ.ആർ 13(1)14/ഉഭപവ. തീയതി 24-10-2014.)

<u>ശിപാർശ</u>

2070-00-003-99—<u>ഐ.എ.എസ്. പ്രൊബേഷൻകാരുടെ പരിശീലനം</u>

ഐ.എ.എസ്. പ്രൊബേഷനേഴ്സിന്റെ ട്രെയിനിംഗുമായി ബന്ധപ്പെട്ട് എൽ.ബി.എസ്., എൻ.എ.എ., സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ഐ.എം.ജി. എന്നീ സ്ഥാപനങ്ങൾക്ക് അവർ ആവശ്യപ്പെടുന്നതിനനുസരിച്ചുള്ള തുക അനുവദിക്കേണ്ടതുള്ളതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 11,11,550 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശ പ്രകാരം ടി ശീർഷകത്തിൽ അധിക തുക വകയിരുത്തുന്നതിനുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന് സമർപ്പിച്ചിരുന്നു. ഐ.എ.എസ്. പ്രൊബേഷൻകാരുടെ പരിശീലനത്തിനായി 2014-15 സാമ്പത്തിക വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് എന്നും, ആയത് തീരുന്നമുറയ്ക്ക് അധിക ധനാനുമതി നിർദ്ദേശം സമർപ്പിക്കുമ്പോൾ അധികതുക അനുവദിക്കുന്നതാണ് എന്നും ധനവകുപ്പ് അറിയിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 447/സ്പെഷ്യൽ എ 2/2014/പൊഭവ. തീയതി 22-12-2014.)

<u>ശിപാർശ</u>

2070-00-104-99—<u>വിജിലൻസ്</u>

04-4—<u>അവധി യാത്രാനുകൂല്യം</u>

2014-15 വർഷത്തെ ചെലവുകൾക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-4—<u>മറ്റിനങ്ങൾ</u>

വിജിലൻസ് വകുപ്പിലെ വാഹനങ്ങളുടെ ഇൻഷ്വറൻസിനും ഓഫീസ് ഉപകരണങ്ങൾ വാങ്ങുന്നതിനും അധിക തുക ആവശ്യമായിട്ടുള്ളതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ ഈ ശീർഷകത്തിൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

06—<u>വാടക, കരം, നികുതി</u>

സ്പെഷ്യൽ സെൽ എറണാകുളം, പത്തനംതിട്ട, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ഓഫീസുകളുടെ കുടിശ്ശിക ഇനത്തിൽ 15,00,000 രൂപ നൽകാനുണ്ടെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 15,00,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15—<u>രഹസ്യസേവന ചെലവുകൾ</u>

ഈ ശീർഷകത്തിൽ 2013-14 വർഷം 20,00,000 രൂപ ചെലവ് വന്നിട്ടുള്ള സ്ഥിതിക്ക് നടപ്പുവർഷത്തെ ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ 10,00,000 രൂപ കൂടി ഇതിലേക്ക് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34—<u>മറ്റ് ചെലവുകൾ</u>

ഐ.എം.ജി.ക്ക് 8,55,084 രൂപ നൽകാനുള്ളതിനാലും, സ്റ്റേറ്റ് വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസി പ്രകാരം നടപ്പിലാക്കുന്ന പരിപാടികൾക്കുമായി ഈ ശീർഷകത്തിൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 87 മുതൽ 91 വരെ)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം നിശ്ചയിച്ചിരിക്കുന്നത് സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിലായതിനാൽ വിഭവ ലഭ്യത വർദ്ധിപ്പിക്കാത്ത സാഹചര്യത്തിൽ നിലവിലെ വിഹിതത്തിനുള്ളിൽ നടപ്പുവർഷത്തെ ചെലവ് പരിമിതപ്പെടുത്തുവാനും ഒഴിവാക്കാനാകാത്ത ചെലവുകൾക്ക് പൂർണ്ണ വിശദാംശങ്ങൾ സഹിതം ധനപുനർവിനിയോഗ നിർദ്ദേശം സമർപ്പിക്കുവാനും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 8273/സി1/2014/വിജി. തീയതി 16-9-2014)

ശിപാർശ

2070-105-32—സോളാർ തട്ടിപ്പും അതുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളും അന്വേഷിക്കുന്ന ജസ്റ്റീസ് ജി. ശിവരാജൻ (റിട്ട. ഹൈക്കോടതി ജഡ്ജ്) കമ്മീഷൻ ഓഫ് ഇൻക്വയറി

കമ്മീഷൻ പ്രവർത്തനങ്ങൾക്കായി 2013-14 വർഷം ന്യൂ സർവ്വീസ് പ്രൊസീഡ്യൂർ മുഖേന 2070-105-32 എന്ന ശീർഷകത്തിൽ ടോക്കൺ തുകയായി 1,000 രൂപ അനുവദിച്ചിരുന്നു. 12-2-2014-ലെ സർക്കാർ ഉത്തരവ് പ്രകാരം 2013-14 വർഷം കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി അധികതുകയായി 12,00,000 രൂപയും അനുവദിച്ചിട്ടുണ്ട്. എന്നാൽ 2014-15 വർഷം ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ കമ്മീഷന്റെ പ്രവർത്തന കാലപരിധി നിശ്ചയിച്ചിട്ടുള്ളത് ആറുമാസമാണെങ്കിലും കമ്മീഷൻ ആവശ്യപ്പെട്ട സ്റ്റാഫും അനുബന്ധ സൗകര്യങ്ങളും അനുവദിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതിനാലും കമ്മീഷന്റെ സമയപരിധി വീണ്ടും നീട്ടിനൽകാൻ സാദ്ധ്യതയുണ്ടെന്ന വസ്തുതയും കണക്കിലെടുത്ത് 50,00,000 രൂപ 2070-105-32 എന്ന ശീർഷകത്തിൽ 2014-15 വർഷത്തേക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

സർക്കാർ സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷത്തിൽ ജസ്റ്റീസ് ജി. ശിവരാജൻ (റിട്ട. ഹൈക്കോടതി ജഡ്ജ്) കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി 22-4-2014-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 3476/2014/Fin. പ്രകാരം 28,84,000 രൂപയും 1-8-2014-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 5880/14/Fin. പ്രകാരം 17,00,000 രൂപയും 27-11-2014-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 8935/14/Fin. പ്രകാരം 1,00,000 രൂപയും ഉൾപ്പെടെ ആകെ 46,84,000 രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 66186/എസ്.എസ്.എ 2/14/ആഭ്യന്തരം തീയതി 27-2-2015)

ശിപാർശ

2070-00-105-37—എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോട്ടയം

ഓഫീസ് കെട്ടിടത്തിന്റെ വാടക പ്രതിമാസം 20,000 രൂപയായി പുതുക്കി നിശ്ചയിക്കപ്പെട്ടതനുസരിച്ചുള്ള കെട്ടിടവാടകയും ജഡ്ജിയുടെ ഔദ്യോഗിക വസതിയുടെ വാടകയും കൂടി പ്രതിമാസം 30,000 രൂപ നിരക്കിൽ ആകെ 3,60,000 രൂപ

വേണ്ടിവരുന്നു. ഇതുൾപ്പെടെയുള്ള വിവിധ ചെലവുകൾക്ക് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 1,21,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 93)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഓഫീസ് കെട്ടിടത്തിന്റെ പ്രതിമാസ വാടക 20,000 രൂപയാക്കി പുതുക്കി നിശ്ചയിച്ചത് നടപടിക്രമങ്ങൾ പാലിക്കാതെയും സർക്കാരിന്റെ അനുമതി ലഭ്യമാക്കാതെയുമായതിനാൽ ടി തുക അനുവദിക്കേണ്ടി വന്നിട്ടില്ല.

<u>ശിപാർശ</u>

2070-00-105-55—<u>കേരള ലോകായുക്ത</u>

ഈ ശീർഷകത്തിൽ വേതനം, വൈദ്യുത ചെലവ് എന്നിവയിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 02—വേതനം ഇനത്തിൽ 1,34,000 രൂപയും 05-2—വൈദ്യുത ചെലവ് എന്ന ഇനത്തിൽ 2,00,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വേതന ഇനത്തിൽ, 6-12-2014-ലെ G.O. (Rt.) No. 9184/14/Fin. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2,00,000 (രണ്ട് ലക്ഷം) രൂപയും 12-2-2015-ലെ G.O. (Rt.) No. 1200/15/Fin. സർക്കാർ ഉത്തരവ് പ്രകാരം 1,00,000 (ഒരു ലക്ഷം) രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ 24-2-2015-ലെ G.O. (Rt.) No. 1471/15/Fin. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 36,000 (മുപ്പത്തിയാറായിരം) രൂപ വൈദ്യുത ചാർജിനത്തിലും അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

05-4—<u>മറ്റിനങ്ങൾ</u>

05-4—മറ്റിനങ്ങൾ എന്നതിൽ 25,00,000 രൂപ ആവശ്യപ്പെട്ടതിൽ 5,24,000 രൂപ ആണ് അനുവദിച്ചിരിക്കുന്നത്. കേരള ലോകായുക്ത കമ്പ്യൂട്ടർവൽക്കരിച്ചതിന്റെ കാലാവധി കഴിഞ്ഞതിനാൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നവീകരിക്കുന്നതിലേക്കായി 6,00,000 രൂപയും ജഡ്ജിയുടെ ഡയസ് നവീകരിക്കുന്നതിനായി 5,00,000 രൂപയും

ചെലവ് പ്രതീക്ഷിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിലെ 05-4—മറ്റിനങ്ങൾ എന്ന ഇനത്തിൽ പ്രസ്തുത ആവശ്യങ്ങളിലേക്കായി 11,00,000 രൂപ കൂടി അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

സർക്കാർ സ്വീകരിച്ച നടപടി

24-2-2015-ലെ G.O. (Rt.) No. 1471/15/Fin. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1,00,000 (ഒരു ലക്ഷം) രൂപയും 20-2-2015-ലെ G.O. (Rt.) No. 1594/15/Fin. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 5,83,000 (അഞ്ച് ലക്ഷത്തി എൺപത്തിമൂവായിരം) രൂപയും അനുവദിച്ചിട്ടുണ്ട്.

ശിപാർശ

06—വാടക, കരം, നികുതി എന്നീ ഇനത്തിൽ 10-2-2014-ന് സ്ഥാനമേറ്റ ലോകായുക്തയ്ക്ക് ഔദ്യോഗിക വസതി അനുവദിക്കുമ്പോൾ ആയതിന്റെ വാടകയിനത്തിൽ 4,80,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ പ്രസ്തുത ശീർഷകത്തിൽ 1,55,000 രൂപ കൂടി അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

സർക്കാർ സ്വീകരിച്ച നടപടി

ബന്ധപ്പെട്ട ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

34—മറ്റു ചെലവുകൾ എന്ന ഇനത്തിൽ 2014-15 വർഷത്തേക്ക് 2,00,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഹൈക്കോടതിയിലെ ലോകായുക്തയുടെ സ്റ്റാന്റിംഗ് കൗൺസിലിനുമാത്രം വർഷം 78,000 രൂപ ആവശ്യമുണ്ട്. ഈ സാഹചര്യത്തിൽ നിലവിലെ ബജറ്റ് വിഹിതം തികച്ചും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 6,80,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 97)

സർക്കാർ സ്വീകരിച്ച നടപടി

5-8-2014-ലെ G.O. (Rt.) No. 5984/14/Fin. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 68,000 (അറുപത്തിയെട്ടായിരം) രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2070-00-105-73—എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോഴിക്കോട്

ഈ ശീർഷകത്തിൽ ശമ്പളം ഇനത്തിൽ അനുവദിച്ച ബജറ്റ് വിഹിതത്തിനു പുറമേ 3,25,000 രൂപയും 2014 മേയ് മാസത്തോടെ പുതുതായി സ്ഥാനമേൽക്കുന്ന സ്പെഷ്യൽ ജഡ്ജിയുടെ താമസത്തിനായുള്ള കെട്ടിടത്തിന് ഏതാണ്ട് 1,50,000 രൂപ വാടക പ്രതീക്ഷിക്കുന്നതിനാൽ നിലവിലെ 2,00,000 രൂപയ്ക്ക് പുറമേ ഇതിലേക്ക് 3,00,000 രൂപയും അധികമാവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 01—ശമ്പളം, 06—വാടക, കരം, നികുതി എന്നീ ഇനങ്ങളിൽ യഥാക്രമം 3,25,000 രൂപയും 3,00,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 98)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലുണ്ടായിരുന്ന ജഡ്ജി 13-5-2014-ന് സ്ഥലം മാറിപ്പോയതിനാലും പകരം ജഡ്ജി സ്ഥാനമേറ്റെടുത്തിട്ടില്ലാത്തതിനാലും, വാടകയിനത്തിലും ശമ്പളയിനത്തിലും ടി തുക ആവശ്യമില്ലെന്ന് കോഴിക്കോട് എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ ഓഫീസിൽ നിന്ന് അറിയിച്ചിട്ടുണ്ട്.

ശിപാർശ

2070-00-105-88—എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം

99—വിവരസാങ്കേതികവിദ്യ

കമ്പ്യൂട്ടറുകളുടെ വാർഷിക റിപ്പയറിംഗിനും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിനുമായി അധിക തുക ആവശ്യമായതിനാൽ 95,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 99)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് നിലവിലെ വിഹിതത്തിനുള്ളിൽ നടപ്പുവർഷത്തെ ചെലവുകൾ പരിമിതപ്പെടുത്തുവാൻ തിരുവനന്തപുരം എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഖണ്ഡിക 93 മുതൽ 99 വരെ—സർക്കാർ കത്ത് നമ്പർ 8128/സി3/2014/വിജി., തീയതി 12-6-2015)

ശിപാർശ

2070-00-107-99—ഹോംഗാർഡ്സ്

ഹോംഗാർഡുകളുടെ എണ്ണം 3000-ത്തിൽ നിന്നും 5000-ആക്കി ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നതിനാലും ഇവരുടെ ദിവസവേതനം 400 രൂപയാക്കി വർദ്ധിപ്പിച്ചതിനാലും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആകയാൽ 20,00,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 100)

സർക്കാർ സ്വീകരിച്ച നടപടി

ഒന്നാം ബാച്ച് ഉപധനാഭ്യർത്ഥനയിൽ അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2070-00-108-90—ആധുനിക ജീവൻരക്ഷാ സാമഗ്രികൾ, അഗ്നി പ്രതിരോധ വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ വാങ്ങൽ (ഒറ്റത്തവണ അധിക കേന്ദ്ര സഹായം)

കേന്ദ്ര സർക്കാർ ഒറ്റത്തവണ അധിക കേന്ദ്ര സഹായമായി 2011-12 സാമ്പത്തിക വർഷത്തിൽ 17,73,19,000 രൂപ അനുവദിച്ചതിൽ 4,05,74,775 രൂപ ചെലവഴിച്ചു. 2012-13 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 5,00,00,000 രൂപ അനുവദിച്ചിരുന്നെങ്കിലും 20,03,750 രൂപ മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നും ഭരണപരമായ കാലതാമസംമൂലം ബാക്കിത്തുക ചെലവഴിക്കുന്നതിന് കഴിഞ്ഞിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. 2013-14 വർഷത്തിൽ ഉപധനാഭ്യർത്ഥനയിലൂടെ 2 കോടി രൂപ ഇതിലേക്ക് അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ബാക്കി നിൽക്കുന്ന 11,47,40,475 രൂപ കൂടി ഈ ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 101)

സർക്കാർ സ്വീകരിച്ച നടപടി

ഒറ്റത്തവണ അധിക കേന്ദ്ര സഹായമായി അനുവദിച്ച തുകയിൽ ബാക്കിയുള്ള തുകയായ 11.48 കോടി രൂപയ്ക്ക് ഭരണാനുമതി സർക്കാരിന്റെ 19-9-2014-ലെ സ.ഉ. (എംഎസ്.) 186/2014/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്.

ശിപാർശ

2070-00-108-91—അഗ്നിശമനസേനാ വകുപ്പിലുള്ള ആസ്തി പരിപാലനം—ആസ്തി പരിപാലന ഫണ്ടിൽ നിന്നുള്ള ചെലവുകൾ

അഗ്നിശമനപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങളും അത്യാധുനിക ഉപകരണങ്ങളും വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളും വസ്തുവകകളും ഉൾപ്പെടുന്ന ആസ്തികൾ പരിപാലിക്കുന്നതിനും അഗ്നിശമന സേനയെ നവീകരിക്കുന്നതിനും സുസജ്ജമാക്കുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ച വിഹിതം തീർത്തും അപര്യാപ്തമായതിനാൽ 50,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 102)

സർക്കാർ സ്വീകരിച്ച നടപടി

രണ്ടാം ബാച്ച് ഉപധനാഭ്യർത്ഥനയിൽ അധിക തുക അനുവദിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതാണ്.

ശിപാർശ

2070-00-108-92—അഗ്നിശമനവും അടിയന്തര സർവ്വീസുകളും ശക്തിപ്പെടുത്തൽ

ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇതിൽ 75% കേന്ദ്രസർക്കാരിന്റെയും 25% സംസ്ഥാന സർക്കാരിന്റെയും വിഹിതമാണ്. ഈ പദ്ധതിക്കായി 2012-13 സാമ്പത്തിക വർഷം 2,63,67,000 രൂപ അനുവദിച്ചെങ്കിലും ഭരണപരമായ കാലതാമസംമൂലം തുക ചെലവഴിക്കുന്നതിന് വകുപ്പിന് കഴിയാതെ പോയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇതേത്തുടർന്ന് 2013-14 സാമ്പത്തിക വർഷം ഇതിൽ തുക വകയിരുത്താതെ വന്നപ്പോൾ പ്രസ്തുത വർഷത്തെ ധനാഭ്യർത്ഥനാ റിപ്പോർട്ടിൽ തുക അനുവദിക്കുന്നതിനായി സമിതി ശിപാർശ ചെയ്തിരുന്നു. എന്നാൽ നടപ്പുവർഷവും ഇതിലേക്ക് തുക ഒന്നുംതന്നെ അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ പദ്ധതിയുടെ തുടർനടപടികൾക്കായി ഈ ശീർഷകത്തിൽ 2,63,67,000 രൂപ നടപ്പുവർഷം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 103)

സർക്കാർ സ്വീകരിച്ച നടപടി

ഈയിനത്തിൽ ചെലവഴിക്കാത്ത ബാക്കി തുക അനുവദിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിക്കുകയും, തീരുമാനപ്രകാരം കേന്ദ്ര സർക്കാരിന്റെ റീ-വാലിഡേഷൻ ലഭ്യമായിട്ടുമുണ്ട്. താമസംവിനാ ഭരണാനുമതി പുറപ്പെടുവിക്കുന്നതാണ്.

ശിപാർശ

2070-00-108-94—അഗ്നിശമന സേനാവകുപ്പിന്റെ നവീകരണം

അഗ്നിശമന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങളും അത്യാധുനിക ഉപകരണങ്ങളും വാങ്ങുന്നതിനും അഗ്നിശമനസേനയെ നവീകരിക്കുന്നതിനും സുസജ്ജമാക്കുന്നതിനും വകുപ്പിന്റെ കമ്പ്യൂട്ടർ വൽക്കരണത്തിനുമാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തുന്നത്. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്ലാൻ ഇനത്തിൽ വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി 15,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 104)

സർക്കാർ സ്വീകരിച്ച നടപടി

ഈയിനത്തിലേക്ക് 15 കോടി രൂപയ്ക്ക് 25-8-2014-ലെ സ.ഉ. (സാധാ.)2355/14/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

ശിപാർശ

2070-00-108-96—മറ്റ് ചെലവുകൾ

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ജീവനക്കാരുടെ ക്ഷേമനിധിയിലേക്കുള്ള അംശദായം, ജീവനക്കാരുടെ പ്രശസ്ത സേവനത്തിനുള്ള പാരിതോഷികം എന്നിവയ്ക്ക് ഈ ശീർഷകത്തിലാണ് തുക വകയിരുത്തുന്നത്. ഈ വർഷത്തെ ചെലവുകൾക്കുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 105)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് ഗ്രാന്റായി അനുവദിച്ച തുകകൾ തീരുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ശിപാർശ

2070-00-108-97—പരിശീലനം

ഈ ശീർഷകത്തിൽ 2014-15 വർഷത്തെ ചെലവുകൾക്കായി വിവിധ ഇനങ്ങളിലായി അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു.

ആയതിനാൽ ഓരോന്നിലും താഴെപ്പറയും പ്രകാരം അധിക തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. 04—യാത്രാ ചെലവുകൾ 2,00,000 രൂപ. 05—ഓഫീസ് ചെലവുകൾ 1—വെള്ളക്കരം 50,000 രൂപ, 2—വൈദ്യുത ചെലവ് 50,000 രൂപ, 3—ടെലിഫോൺ ചാർജ് 5,00,000 രൂപ, 4—മറ്റിനങ്ങൾ 25,00,000 രൂപ. 21—മോട്ടോർ വാഹനങ്ങൾ 2,50,000 രൂപ, 45—പി.ഒ.എൽ. 2,50,000 രൂപ. ആകെ 42,50,000 രൂപ.

(ഖണ്ഡിക 106)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് ഗ്രാന്റായി അനുവദിച്ച തുകകൾ തീരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ശിപാർശ

കൂടാതെ വിയ്യൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമിയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ട്രെയിനിംഗ് ഉപകരണങ്ങൾ വാങ്ങുന്നതിനും അക്കാദമിയിൽ ക്ലാസ് എടുക്കുന്ന വ്യക്തികൾക്ക് പ്രതിഫലം നൽകുന്നതിനുമായി 2070-108-97-34—മറ്റ് ചെലവുകൾ എന്ന ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനുപുറമെ 15 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 107)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് ഗ്രാന്റായി അനുവദിച്ച തുകകൾ തീരുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ശിപാർശ

2070-00-108-98—പ്രതിരോധവും നിയന്ത്രണവും—ജില്ലാജീവനക്കാർ

ഈ ശീർഷകത്തിൽ താഴെപ്പറയും പ്രകാരം ഓരോ ഇനത്തിലും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധിക തുക ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ ആകെ 1,55,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

02—വേതനം 10,00,000 രൂപ, 04—യാത്രാ ചെലവുകൾ 75,00,000 രൂപ, 05-1—വെള്ളക്കരം 20,00,000 രൂപ, 17—ചെറുകിട മരാമത്ത് പണികൾ 25,00,000 രൂപ, 18—സംരക്ഷണം 25,00,000 രൂപ, ആകെ 1,55,00,000 രൂപ.

(ഖണ്ഡിക 108)

സർക്കാർ സ്വീകരിച്ച നടപടി

ഒന്നാം ഉപധനാഭ്യർത്ഥനയിൽ അധിക തുക അനുവദിച്ചിട്ടില്ല. ആയതിനാൽ രണ്ടാം ബാച്ച് ഉപധനാഭ്യർത്ഥനയിൽ അധിക തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ

2070-00-108-99—അഗ്നിപ്രതിരോധവും നിയന്ത്രണവും—ഭരണവും നടത്തിപ്പും

05—ഓഫീസ് ചെലവുകൾ—4—മറ്റിനങ്ങൾ

സംസ്ഥാനത്തൊട്ടാകെ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്ന ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സേനാംഗങ്ങൾക്ക് ചട്ടപ്രകാരം യൂണിഫോമിനും സുരക്ഷിതത്വത്തിനും വേണ്ട സാധനങ്ങൾ വാങ്ങുന്നതിന് 2006-നുശേഷം മതിയായ ഫണ്ട് ലഭ്യമായിട്ടില്ലെന്നും ഇത് സംബന്ധിച്ച് സമിതിയുടെ മുൻ റിപ്പോർട്ടുകളിൽ ശിപാർശ നൽകിയിട്ടും ഇതിനായി പര്യാപ്തമായ തുക അനുവദിച്ച് നൽകിയിട്ടില്ലെന്നും സമിതി വിലയിരുത്തി. ആയതിനാൽ ഇതിലേക്ക് നടപ്പുസാമ്പത്തിക വർഷം തന്നെ 1,17,85,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 109)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച് 53838/എഫ്2/14/ആഭ്യന്തരം നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു.

ശിപാർശ

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

രക്ഷാപ്രവർത്തനം നടത്തുന്നതിന് ആധുനിക വാഹനങ്ങളുടെയും യന്ത്രസാമഗ്രികളുടെയും ആവശ്യമുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി ഇതിലേക്ക് മതിയായ തുക അനുവദിക്കാതെ വെറും ടോക്കൺ പ്രൊവിഷൻ വെച്ചിരുന്നു. എന്നാൽ 2013-14 സാമ്പത്തിക വർഷം ഇതിലേക്ക് യാതൊരു തുകയും അനുവദിക്കുകയുണ്ടായില്ല.

വാഹനങ്ങളുടെയും, യന്ത്രസാമഗ്രികളുടെയും അഭാവത്താൽ ഈ സേവന മേഖലയുടെ പ്രവർത്തനശേഷി കുറഞ്ഞു വരാൻ ഇടയാകുമെന്നതിനാൽ ഈ ശീർഷകത്തിൽ 106,31,00,000 രൂപ അനുവദിക്കുന്നതിനായി സമിതിയുടെ മുൻ റിപ്പോർട്ടിൽ (2013-14) ശിപാർശ ചെയ്തിരുന്നതാണ്. 2014-15 വർഷവും ഈ ശീർഷകത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ലായെന്നതിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി ഈ ശീർഷകത്തിൽ 106,32,00,000 രൂപ അനുവദിക്കുന്നതിന് വീണ്ടും ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 110)

സർക്കാർ സ്വീകരിച്ച നടപടി

രണ്ടാം ഉപധനാഭ്യർത്ഥനയിൽ അധിക തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഖണ്ഡിക 100 മുതൽ 110 വരെ—സർക്കാർ കത്ത് നമ്പർ 64235/എഫ്2/ 2014/ആഭ്യന്തരം തീയതി 6-1-2015.)

ശിപാർശ

2070-00-119-98—ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ

കമ്മീഷൻ 2014-15 സാമ്പത്തിക വർഷത്തേക്ക് വിവിധ ശീർഷകങ്ങളിലായി അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതത്തേക്കാൾ അധിക തുക ചെലവ് പ്രതീക്ഷിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 01—ശമ്പളം ഇനത്തിൽ 35,000 രൂപ, 05-01—വെള്ളക്കരം ഇനത്തിൽ 5,000 രൂപ, 05-2—വൈദ്യുതി ചാർജ് ഇനത്തിൽ 85,000 രൂപ, 05-3—ടെലിഫോൺ ചാർജ് ഇനത്തിൽ 1,70,000 രൂപ, 05-4—മറ്റിനങ്ങൾ എന്ന ഇനത്തിൽ 1,46,000 രൂപ, 06—വാടക, കരം, നികുതി എന്ന ഇനത്തിൽ 2,80,000 രൂപ എന്നിങ്ങനെ അധികമായി തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 111)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത തുക രണ്ടാം ഗഡു സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ് ഇനത്തിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 13524/പാർല/2014/നിയമം തീയതി 10-11-2014)

<u>ശിപാർശ</u>

2070-00-119-97—<u>ഭരണഭാഷ നടപ്പാക്കൽ</u>

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പിന് 2014-15 സാമ്പത്തിക വർഷം വേതനം, മറ്റ് ചെലവുകൾ, പി.ഒ.എൽ. എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 02—വേതനം ഇനത്തിൽ 1,75,000 രൂപയും 34—മറ്റു ചെലവുകൾ എന്ന ഇനത്തിൽ 1,48,50,000 രൂപയും പി.ഒ.എൽ. എന്ന ഇനത്തിൽ 1,60,000 രൂപയും അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 112)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

30-6-2014-ലെ 2823/ഔ.ഭാ.1/14/ഉഭപവ. നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം പ്രസ്തുത തുകകൾ 2014-15 സാമ്പത്തിക വർഷം തന്നെ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശിപാർശ</u>

2070-00-119-97-21-1—<u>മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ</u>

ഔദ്യോഗികഭാഷാ വകുപ്പിന്റെ വാഹനം കണ്ടം ചെയ്യുകയുണ്ടായതിനാൽ വകുപ്പിന് സ്വന്തമായൊരു വാഹനം നിലവിൽ ഇല്ല. ഔദ്യോഗിക ഭാഷാ വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് ഒരു സ്ഥിരം വാഹനം അത്യാവശ്യമായതിനാൽ സമിതിയുടെ 2013-14-ലെ ധനാഭ്യർത്ഥനാ റിപ്പോർട്ടിൽ സെക്രട്ടറിക്ക് ഒരു പുതിയ കാർ വാങ്ങുന്നതിലേക്ക് തുക അനുവദിക്കാൻ ശിപാർശ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത തുക അനുവദിച്ചിട്ടില്ലായെന്നു സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇതിലേക്ക് വകുപ്പ് ആവശ്യപ്പെട്ട 9,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 113)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

24-3-2014-ലെ 5740/ഔ.ഭാ.1/11/ഉഭപവ. നമ്പർ ഫയൽ പ്രകാരം 8,88,232 രൂപ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് വീണ്ടും ആവശ്യപ്പെട്ടിരുന്നത് പ്രകാരം ധനകാര്യ വകുപ്പ് 29-3-2014-ലെ സ.ഉ. (സാധാ.) നമ്പർ 2763/2014/ധന. ഉത്തരവ് പ്രകാരം 8,88,000 രൂപ അഡീഷണൽ ഓതറൈസേഷനായി അനുവദിക്കുകയുണ്ടായി.

ശിപാർശ

2070-00-119-99—മലയാളം ഔദ്യോഗികഭാഷയാക്കാനുള്ള കമ്മിറ്റി

04-1—യാത്രാബത്ത

ഔദ്യോഗിക ഭാഷാ ഉന്നതതല സമിതി യോഗങ്ങളിൽ പങ്കെടുക്കുന്ന വിശിഷ്ടാതിഥികൾക്ക് ഓണറേറിയം, യാത്രാബത്ത എന്നിവ നൽകുന്നത് പ്രസ്തുത ശീർഷകത്തിൽ നിന്നാണ്. ഇതിൽ നടപ്പു വർഷത്തെ ചെലവുകൾക്ക് അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമാണ് എന്ന് സമിതി മനസ്സിലാക്കുന്നതിനാൽ ഈ ശീർഷകത്തിൽ 99,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 114)

സർക്കാർ സ്വീകരിച്ച നടപടി

30-6-2014-ലെ 2823/ഔ.ഭാ.1/14/ഉഭപവ. നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം സമിതി ശിപാർശ ചെയ്ത പ്രസ്തുത തുക 2014-15 സാമ്പത്തിക വർഷം തന്നെ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഖണ്ഡിക 112 മുതൽ 114 വരെ—സർക്കാർ കത്ത് നമ്പർ 2823/ഔ.ഭാ.1/14/ഉഭപവ. തീയതി 4-8-2014)

ശിപാർശ

2220-01-001-95—ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ന്യൂസ് ഗ്രിഡ്

ബ്ലോക്ക്, ഗ്രാമതലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടക്കുന്ന വികസന, ക്ഷേമപ്രവർത്തനങ്ങൾ മാധ്യമങ്ങളിലൂടെ ജനങ്ങളിലെത്തിക്കാൻ ലക്ഷ്യമിടുന്നതാണ് ഈ പദ്ധതി. സർക്കാരിന്റെ വിവിധ പദ്ധതികളെക്കുറിച്ചും പരിപാടികളെക്കുറിച്ചുമുള്ള വിവരങ്ങൾ താഴെത്തട്ടിൽ എത്തിക്കുന്നതിനുള്ള പരിപാടികളും പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. ഇതിനായി 2013-14-ൽ 79,88,034 രൂപ ചെലവ് വന്നു എന്നും പദ്ധതി ഭാഗികമായിട്ടാണ് ഇപ്പോൾ നടപ്പാക്കിവരുന്നത് എന്നും സമിതി മനസ്സിലാക്കുന്നു. 2014-15-ൽ പദ്ധതി പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുവാൻ ലക്ഷ്യമിടുന്നതിനാൽ 80,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 115)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ പദ്ധതി എല്ലാ ബ്ലോക്കുകളിലും നടപ്പാക്കാനായിരുന്നു വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഫണ്ടിന്റെ ലഭ്യതക്കുറവും പദ്ധതി എല്ലായിടത്തും തുടങ്ങുന്നതിനുള്ള ഭാരിച്ച ചെലവും കാലതാമസവും കാരണം ചെലവ് കുറഞ്ഞു. അതുകൊണ്ട് കൂടുതൽ തുക ആവശ്യപ്പെട്ടില്ല.

<u>ശിപാർശ</u>

2220-60-101-97(01)—<u>പരസ്യത്തിനുള്ള ചെലവുകൾ—അച്ചടി മാധ്യമം</u>

വിവിധ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളിൽ നിന്നും പത്രങ്ങളിൽ കൊടുക്കുന്ന ടെൻഡർ പരസ്യങ്ങളുടെയും വിജ്ഞാപനങ്ങളുടെയും പരസ്യക്കൂലി ഈ ശീർഷകത്തിൽ നിന്നാണ് നൽകുന്നത്. വികസന പദ്ധതികൾക്ക് പ്രചാരം നൽകുന്നതിന് വർദ്ധിച്ചതോതിൽ പരസ്യങ്ങളെ ആശ്രയിക്കുന്നതുകൊണ്ട് ഈ ശീർഷകത്തിൽ ചെലവ് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ ഈ ശീർഷകത്തിൽ 10,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 116)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ജൂലൈ 2014-ലെ ഉപധനാഭ്യർത്ഥനയിലൂടെ ഈ ശീർഷകത്തിൽ 5 കോടി രൂപയും, 9-1-2015-ലെ സ.ഉ. (സാധാ.) നമ്പർ 173/15/ധന. പ്രകാരം അഡീഷണൽ ഓതറൈസേഷനിലൂടെ 3 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2220-60-101-97-02—<u>പരസ്യത്തിനുള്ള ചെലവുകൾ—ഇലക്ട്രോണിക്/ദൃശ്യ മാധ്യമം</u>

സർക്കാരിന്റെ നയപരിപാടികൾ, പദ്ധതികൾ, പരിപാടികൾ തുടങ്ങിയവയെ കുറിച്ചും ബോധവത്ക്കരണം സംബന്ധിച്ചും ഇലക്ട്രോണിക്/ദൃശ്യ/ശ്രാവ്യ മാധ്യമങ്ങളിലൂടെ പരസ്യം നൽകിവരുന്നു. ഇതിലേക്ക് 2013-14 സാമ്പത്തിക വർഷം 5 കോടിക്കുപുറമേ ചെലവ് വന്നിട്ടുള്ളതിനാൽ നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 4,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 117)

സർക്കാർ സ്വീകരിച്ച നടപടി

2220-60-101-97-02—ഇലക്ട്രോണിക്/ദൃശ്യ മാധ്യമം ശീർഷകത്തിലേക്ക് അധികമായി തുക വകയിരുത്തിയിരുന്നതിനുള്ള നിർദ്ദേശം ധനകാര്യവകുപ്പിന് സമർപ്പിച്ചിരുന്നു വെങ്കിലും, നിലവിലെ സാമ്പത്തിക പ്രതിസന്ധി കാരണം അധികതുക അനുവദനീയമല്ലെന്നും, നിലവിലുള്ള ബജറ്റ് വിഹിതത്തിൽ ചെലവ് ചുരുക്കണമെന്നും ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരുന്നു.

ശിപാർശ

2220-60-101-98—പ്രചരണ സാമഗ്രികൾ

ജനപഥം, കേരള കോളിംഗ്, ഫോൾഡർ, പോസ്റ്റർ, ലഘു ലേഖകൾ എന്നീ പ്രചരണ സാമഗ്രികളുടെയും അച്ചടി, രൂപകൽപ്പന, വിതരണം തുടങ്ങിയവയുടെയും ചെലവ് ഈ ശീർഷകത്തിൽ നിന്നുമാണ് വഹിക്കുന്നത്. 2013-14 സാമ്പത്തിക വർഷം 116 ലക്ഷം രൂപയ്ക്ക് പുറമേ ചെലവ് വന്നിട്ടുള്ള സാഹചര്യത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 25,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 118)

സർക്കാർ സ്വീകരിച്ച നടപടി

25 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തുന്നതിനുള്ള നിർദ്ദേശത്തിന് നിലവിലെ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭ്യമായില്ല.

ശിപാർശ

2220-60-101-99—പരസ്യവും ദൃശ്യപ്രചരണവും

സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും ദിനപ്പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയിലൂടെയുള്ള പ്രദർശന പരസ്യങ്ങൾവഴി പൊതുജനങ്ങളിൽ എത്തിക്കാനുള്ള ചെലവ് ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. പത്രസ്ഥാപനങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക ഉൾപ്പെടെയുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 5,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 119)

സർക്കാർ സ്വീകരിച്ച നടപടി

സ.ഉ. (സാധാ.) നമ്പർ 173/15/ധന. തീയതി 9-1-2015 പ്രകാരം ഈ ശീർഷകത്തിലേക്ക് 3 കോടി രൂപ അഡീഷണൽ ഓതറൈസേഷനിലൂടെ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2220-60-800-81—കേരള സംസ്ഥാന നോൺ ജേർണലിസ്റ്റ് പെൻഷൻ സ്കീം

സംസ്ഥാനത്തുനിന്നും പ്രസിദ്ധീകരിക്കുന്ന പത്രങ്ങളിൽ പത്രപ്രവർത്തകർ ഒഴികെയുള്ള തസ്തികകളിൽ ജോലി ചെയ്ത് വിരമിക്കുന്നവർക്കുള്ള ക്ഷേമപദ്ധതിയാണിത്. ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതത്തിനു പുറമെ 3,50,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 120)

സർക്കാർ സ്വീകരിച്ച നടപടി

29-5-2014-ലെ സ.ഉ. (സാധാ.) നമ്പർ 4366/14/ധന. പ്രകാരം 62 ലക്ഷം രൂപയും 28-8-2014-ലെ സ.ഉ. (സാധാ.) നമ്പർ 6747/14/ധന. പ്രകാരം 90 ലക്ഷം രൂപയും അഡീഷണൽ ഓതറൈസേഷനിലൂടെ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2220-60-800-89—പ്രഗത്ഭ പത്രപ്രവർത്തകർക്ക് ക്ഷേമപദ്ധതി

ഈ പദ്ധതിക്കായി 2014-15-ലെ ബജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10,00,000 രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 121)

സർക്കാർ സ്വീകരിച്ച നടപടി

ബജറ്റ് വിഹിതം പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2220-60-800-91—കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ സ്കീം 1993

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നിലവിലെ ബജറ്റ് വിഹിതത്തിനു പുറമെ 35,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 122)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പത്രപ്രവർത്തകരുടെ പ്രതിമാസ പെൻഷൻ തുക 7,000 രൂപയിൽ നിന്നും 8,000 രൂപയായി വർദ്ധിപ്പിക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നെങ്കിലും 1-4-2014 മുതൽ മുൻകാല പ്രാബല്യത്തോടെ പെൻഷൻ തുക വർദ്ധിപ്പിച്ചത് 21-3-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 05/15/ഐ.പി.ആർ. പ്രകാരമാണ്. 2014-15 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം നിലവിലെ നിരക്കിലുള്ള പെൻഷൻ തുക നൽകുന്നതിന് പര്യാപ്തമായ തിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2220-60-800-97—<u>പത്രപ്രവർത്തകർക്കുള്ള ക്ഷേമനിധി—സംഭാവന</u>

അവശതയനുഭവിക്കുന്ന പത്രപ്രവർത്തകർക്കും അവരുടെ ആശ്രിതർക്കും സാമ്പത്തിക സഹായം നൽകുന്ന ക്ഷേമനിധി പദ്ധതിയിലേക്ക് സർക്കാർ വിഹിതമായി 2014-15 വർഷത്തെ ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 25,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 123)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

10-3-2015-ലെ സ.ഉ. (സാധാ.) നമ്പർ 1979/15/ധന. പ്രകാരം 2220-60-800-97 പത്രപ്രവർത്തകർക്കുള്ള ക്ഷേമനിധി സംഭാവന ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2220-60-800-98-36—<u>കേരള പ്രസ് അക്കാദമി ധനസഹായം—ശമ്പളേതരം</u>

പ്രസ് അക്കാദമിയെ ദേശീയ പ്രാധാന്യമുള്ള ഒരു സ്ഥാപനമാക്കി ഉയർത്തുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ നയപ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ആയതിനാൽ നയപ്രഖ്യാപന പ്രസംഗത്തിലും അക്കാദമിയുടെ പദ്ധതികളിലും പറഞ്ഞിട്ടുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് നിലവിലുള്ള ബജറ്റ് വിഹിതത്തിനു പുറമെ 1,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 124)

സർക്കാർ സ്വീകരിച്ച നടപടി

കേരള പ്രസ്സ് അക്കാദമി പ്രൊപ്പോസൽ ലഭ്യമാക്കാത്തതിനാൽ, അധിക തുകയ്ക്കായി ധനകാര്യവകുപ്പിന് നിർദ്ദേശം സമർപ്പിക്കുവാൻ സാധിച്ചില്ല.

ശിപാർശ

2220-60-800-99—പ്രസ്സ് ക്ലബ്ബുകളിലെ പത്രപ്രവർത്തകരുടെ സംഘടനയ്ക്കുള്ള സഹായധനം

പത്രപ്രവർത്തകരുടെ സംഘടനകൾക്കും പ്രസ്സ് ക്ലബ്ബുകൾക്കും സഹായം നൽകുന്നതിനാണ് ഈ ശീർഷകത്തിലെ തുക വിനിയോഗിക്കുന്നത്. ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഇതിലേക്ക് 39,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 125)

സർക്കാർ സ്വീകരിച്ച നടപടി

കോട്ടയം പ്രസ്സ് ക്ലബ്ബിന്റെ മീഡിയ ആന്റ് റിസർച്ച് സെന്ററിന്റെ നിർമ്മാണത്തിനും തിരുവനന്തപുരം പ്രസ്സ് ക്ലബ്ബിൽ അന്തർദ്ദേശീയ മീഡിയ ആർക്കൈവ് സ്ഥാപിക്കുന്നതിനുമായാണ് അധിക തുക ആവശ്യപ്പെട്ടിരുന്നത്. എന്നാൽ പ്രസ്തുത പദ്ധതികൾക്കായി 2220-60-800-72—തിരുവനന്തപുരം പ്രസ്സ് ക്ലബ്ബിനുള്ള സഹായം, 4220-60-101-58—കോട്ടയം പ്രസ്സ് ക്ലബ്ബ് മീഡിയ റിസർച്ച് സെന്റർ എന്നീ ശീർഷകങ്ങളിൽ ടോക്കൺ പ്രൊവിഷൻ അനുവദിക്കുകയും അധിക തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നതിനാൽ 2220-60-800-99—പ്രസ്സ് ക്ലബ്ബുകളിലെ പത്രപ്രവർത്തകരുടെ സംഘടനയ്ക്കുള്ള സഹായധനം ശീർഷകത്തിൽ ബജറ്റ് വിഹിതത്തിനു പുറമേ തുക ആവശ്യമായി വന്നില്ല.

(ഖണ്ഡിക 115 മുതൽ 125 വരെ—സർക്കാർ കത്ത് നമ്പർ 20149/ബി2/2014/ഐ.ആന്റ് പി.ആർ. തീയതി 22-4-2015)

ശിപാർശ

2220-04-001-99—ന്യൂനപക്ഷക്ഷേമം—ഭരണവും നടത്തിപ്പും

ഈ ശീർഷകത്തിൽ 04-1—യാത്രാബത്ത, 05-4—മറ്റിനങ്ങൾ എന്നിവയിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ഇനങ്ങളിൽ യഥാക്രമം 60,000 രൂപയും 2,00,000 രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 135)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് തുക പൂർണ്ണമായും ചെലവഴിച്ചതിനുശേഷം തുക ആവശ്യമെങ്കിൽ സർക്കാരിന്റെ സാമ്പത്തികസ്ഥിതി കൂടി കണക്കിലെടുത്ത് ധനപുനർവിനിയോഗംവഴി അനുവദിക്കുന്നതാണ്.

ശിപാർശ

2220-04-001-91—കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

31—സഹായധനം—ശമ്പളം

കമ്മീഷനിലെ നിലവിലെ ജീവനക്കാർക്ക പുറമേ ഒരു പി.എ., 2 ജൂനിയർ അസിസ്റ്റന്റുമാർ, 2 അറ്റന്റന്റ്-കം-ഡ്രൈവർമാർ എന്നീ തസ്തികകളിലേക്ക് ആളുകളെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്ന സാഹചര്യത്തിൽ ഇതുൾപ്പെടെയുള്ള ചെലവുകൾക്ക് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 1,20,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 136)

സർക്കാർ സ്വീകരിച്ച നടപടി

80 ലക്ഷം അനുവദിച്ചിട്ടുണ്ട്. ബാക്കി തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ശിപാർശ

36—സഹായധനം—ശമ്പളേതരം

കമ്മീഷന്റെ പ്രവർത്തനം ആരംഭഘട്ടത്തിലായതിനാൽ ഭൗതികസൗകര്യം ഒരുക്കേണ്ടതുള്ളതിനാലും മെമ്പർമാരുടെ ഉപയോഗത്തിനായി വാഹനം വാങ്ങുന്നതിനും കമ്മീഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ സ്ഥലങ്ങളിൽ സിറ്റിംഗും സന്ദർശന ബോധവൽക്കരണ ക്യാമ്പുകളും നടത്തേണ്ടതുള്ളതിനാലും ഈ ശീർഷകത്തിൽ അനുവദിക്കപ്പെട്ട തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ 1,00,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 137)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് തുക പൂർണ്ണമായും ചെലവഴിച്ചതിനുശേഷം തുക ആവശ്യമെങ്കിൽ സർക്കാരിന്റെ സാമ്പത്തികസ്ഥിതി കൂടി കണക്കിലെടുത്ത് ധനപുനർവിനിയോഗം വഴി അനുവദിക്കുന്നതാണ്.

ശിപാർശ

2225-04-102-92—ജസ്റ്റീസ് സച്ചാർ കമ്മിറ്റിയുടെ ശിപാർശകളിന്മേലുള്ള പദ്ധതികളുടെ നടപ്പിലാക്കൽ

34—മറ്റ് ചെലവുകൾ

സംസ്ഥാനത്ത് ഇപ്പോൾ മുസ്ലീം യുവജനതയ്ക്കായി 16 പരിശീലനകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ പരിശീലനകേന്ദ്രങ്ങളുടെ കീഴിൽ ജില്ലകൾ തോറും നാല് വീതം ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പരിപാടിയുള്ളതിനാൽ ഈ പരിശീലന കേന്ദ്രത്തിലെ അധ്യാപകർക്ക് ഓണറേറിയം നൽകുന്നതിന് കൂടുതൽ തുക ആവശ്യമുണ്ട് എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2,00,00,000 രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 138)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് തുക പൂർണ്ണമായും ചെലവഴിച്ചതിനുശേഷം തുക ആവശ്യമെങ്കിൽ സർക്കാരിന്റെ സാമ്പത്തികസ്ഥിതി കൂടി കണക്കിലെടുത്ത് ധനപുനർവിനിയോഗംവഴി അനുവദിക്കുന്നതാണ്.

ശിപാർശ

2225-04-102-93—ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലവിതരണ പദ്ധതി

പാലൊളി കമ്മിറ്റി റിപ്പോർട്ടിൽ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നിർദ്ദേശം നൽകിയിരുന്നു. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ന്യൂനപക്ഷ ബ്ലോക്കുകളിലും പ്രദേശങ്ങളിലും കുഴൽക്കിണർ കുഴിക്കുക, നിലവിലുള്ള വാട്ടർ അതോറിറ്റിയുടെ വിതരണ സംവിധാനം ദീർഘിപ്പിക്കൽ, പുതിയ ജലസംഭരണികൾ സ്ഥാപിക്കുക, ബൂസ്റ്റിംഗ് അപ് എന്നിവ വഴി ഒരു പരിധിവരെയെങ്കിലും കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് സാധിക്കുന്നതാണ്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് പതിമൂന്ന് കോടി രൂപ വേണ്ടി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ബാക്കി 5,20,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 139)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിലെ ബഡ്ജറ്റ് തുക പൂർണ്ണമായും ചെലവഴിച്ചതിനുശേഷം തുക ആവശ്യമെങ്കിൽ സർക്കാരിന്റെ സാമ്പത്തികസ്ഥിതി കൂടി കണക്കിലെടുത്ത് ധനപുനർവിനിയോഗംവഴി അനുവദിക്കുന്നതാണ്.

<u>ശിപാർശ</u>

2225-04-102-94—<u>ന്യൂനപക്ഷ ക്ഷേമ പ്രൊമോട്ടർമാരെ ഉൾപ്പെടുത്തൽ</u>

ന്യൂനപക്ഷങ്ങൾ, വിവിധ ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച അറിവിന്റെ കാര്യത്തിൽ പിന്നോക്കമായതിനാൽ അവരെ സർക്കാരിന്റെ ക്ഷേമ പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കളാക്കുന്നതിന് പ്രൊമോട്ടർമാരുടെ നിയമനത്തിലൂടെ സാധ്യമാകും എന്ന് കണ്ടെത്തിയതിനാൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ വിവിധ പദ്ധതികൾ ജനങ്ങളിൽ എത്തിക്കുന്നതിന് എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും 4,000 രൂപ നിരക്കിൽ പ്രതിമാസം ഓണറേറിയം വ്യവസ്ഥയിൽ പ്രൊമോട്ടർമാരായി നിയമിക്കപ്പെടുന്നവർക്ക് തുക നൽകുന്നത് ഈ ശീർഷകത്തിൽ നിന്നാണ്. ആയിരം പ്രൊമോട്ടർമാരെയാണ് ഈ വിധത്തിൽ നിയമിക്കപ്പെടുന്നത്. ഇവർക്ക് ഓണറേറിയം നൽകുന്നതിലേക്ക് ഈ വർഷം ടോക്കൺ പ്രൊവിഷൻ മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. ~~ആയതിനാൽ ഈ ഇനത്തിൽ വകുപ്പ് ആവശ്യപ്പെട്ട 5,00,00,000 രൂപയിൽ ടോക്കൺ പ്രൊവിഷൻ മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു.~~ ആയതിനാൽ ഈ ഇനത്തിൽ വകുപ്പ് ആവശ്യപ്പെട്ട 5,00,00,000 രൂപയിൽ ടോക്കൺ പ്രൊവിഷനായി അനുവദിച്ച തുക കിഴിച്ച് ബാക്കി 4,99,99,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 140)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

4 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2225-04-277-94—<u>ദ്വിവൽസര ഐ.ടി.സി. കോഴ്സുകൾ പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ് റീഇംബേഴ്സ് ചെയ്യൽ</u>

നൈപുണ്യ പരിശീലനം കൂടുതൽ ന്യൂനപക്ഷവിഭാഗങ്ങൾക്ക് നൽകുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിലേയ്ക്കായി അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1,20,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 141)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിലെ ബഡ്ജറ്റ് തുക പൂർണ്ണമായും ചെലവഴിച്ചതിനുശേഷം തുക ആവശ്യമെങ്കിൽ സർക്കാരിന്റെ സാമ്പത്തികസ്ഥിതി കൂടി കണക്കിലെടുത്ത് ധനപുനർവിനിയോഗംവഴി അനുവദിക്കുന്നതാണ്.

<u>ശിപാർശ</u>

2225-04-277-96—<u>സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ്. എന്നീ കോഴ്സുകൾ പഠിക്കുന്നതിനുള്ള സ്കോളർഷിപ്പ്</u>

ന്യൂനപക്ഷങ്ങൾക്ക് സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ്. എന്നീ കോഴ്സുകൾ പഠിക്കുന്നതിനുള്ള പദ്ധതിയാണിത്. ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്ന കൂടുതൽ പേർ ഈ രംഗത്ത് കടന്നുവരുന്നുണ്ട്. ഇവരെ പ്രോത്സാഹിപ്പിക്കുന്നതിന് പാവപ്പെട്ടവർക്ക് സ്കോളർഷിപ്പ് കൂടുതൽ അനുവദിക്കേണ്ടതുണ്ട് എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50,00,000 രൂപ കൂടി നിലവിലെ ബജറ്റ് വിഹിതത്തിനു പുറമേ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 142)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിലെ ബഡ്ജറ്റ് തുക പൂർണ്ണമായും ചെലവഴിച്ചതിനുശേഷം തുക ആവശ്യമെങ്കിൽ സർക്കാരിന്റെ സാമ്പത്തികസ്ഥിതി കൂടി കണക്കിലെടുത്ത് ധനപുനർവിനിയോഗംവഴി അനുവദിക്കുന്നതാണ്.

<u>ശിപാർശ</u>

2225-04-283-99—<u>ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിധവകൾക്ക് ഭവനപദ്ധതി</u>

വിവാഹമോചിതരും വിധവകളും നിർദ്ധനരുമായിട്ടുള്ള കേരളത്തിലെ 1250 ന്യൂനപക്ഷ വനിതകൾക്ക് നടപ്പുവർഷം വീട് നൽകുന്നതിന് ഒരു വീടിന് 2 ലക്ഷം രൂപ ധനസഹായം എന്ന കണക്കിൽ കുറഞ്ഞത് 25 കോടി രൂപ ആവശ്യമായി വരും എന്ന് സമിതി വിലയിരുത്തി. ഈ സാഹചര്യത്തിൽ ഈ വർഷത്തെ ചെലവിലേക്കായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 20,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 143)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് തുക പൂർണ്ണമായും ചെലവഴിച്ചതിനുശേഷം തുക ആവശ്യമെങ്കിൽ സർക്കാരിന്റെ സാമ്പത്തികസ്ഥിതി കൂടി കണക്കിലെടുത്ത് ധനപുനർവിനിയോഗംവഴി അനുവദിക്കുന്നതാണ്.

ശിപാർശ

4225-04-190-99—കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ഓഹരി മൂലധനം

കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ഷെയർ ക്യാപ്പിറ്റലായി 840 ലക്ഷം രൂപ 2013-14 സാമ്പത്തിക വർഷം അനുവദിച്ചിരുന്നു. ഇപ്പോൾ അനുവദിച്ച തുക കൂടി കൂട്ടിയാൽ കഷ്ടിച്ച് മാത്രം പ്രവർത്തിക്കാവുന്ന അവസ്ഥയിലാണ് കോർപ്പറേഷനെന്നും 'നിതാഖത്തുമൂലം' സംസ്ഥാനത്ത് തിരിച്ചെത്തിയവർ സ്വയം തൊഴിലിനായും വ്യവസായ സംരംഭകരായും രംഗത്ത് വരുന്നതിന് ലോൺ തേടി കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനെ സമീപിച്ചിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ കൂടുതൽ തുക അനിവാര്യമാണെന്നും സമിതി മനസ്സിലാക്കുന്നു.

ആയതിനാൽ നിലവിലെ ബജറ്റ് വിഹിതത്തിനു പുറമേ 25,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 144, 145)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് തുക പൂർണ്ണമായും ചെലവഴിച്ചതിനുശേഷം തുക ആവശ്യമെങ്കിൽ സർക്കാരിന്റെ സാമ്പത്തികസ്ഥിതി കൂടി കണക്കിലെടുത്ത് ധനപുനർവിനിയോഗംവഴി അനുവദിക്കുന്നതാണ്.

ശിപാർശ

സംസ്ഥാനത്ത് ഗവൺമെന്റ് കേരള മദ്രസ്സ അദ്ധ്യാപക ക്ഷേമനിധിക്ക് മൂന്ന് വർഷം മുമ്പ് അനുവദിച്ചിരുന്ന 10 കോടി രൂപ സഹകരണ ബാങ്കിൽ നിന്നും പിൻവലിച്ച് കോഴിക്കോട് ട്രഷറിയിൽ പലിശരഹിത നിക്ഷേപമാക്കിയിട്ടുണ്ട്. കോർപ്പസ് ഫണ്ടിന്റെ വാർഷിക വർദ്ധനവുകൂടി പരിഗണിച്ചുകൊണ്ട് ആനുപാതികമായ തുക സർക്കാർ

സഹായധനമായി അനുവദിക്കേണ്ടതുണ്ട് എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 3,50,00,000 രൂപ കൂടി ഈ സാമ്പത്തിക വർഷം "4225-04-190-99—മദ്രസ്സാദ്ധ്യാപക ക്ഷേമനിധി, നിക്ഷേപത്തിന്മേൽ പലിശ നഷ്ടത്തിനുള്ള നഷ്ടപരിഹാരം" എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 146)

സർക്കാർ സ്വീകരിച്ച നടപടി

ധനവകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(ഖണ്ഡിക 135 മുതൽ 146 വരെ സർക്കാർ കത്ത് നമ്പർ 4922l/എം.ഡബ്ല്യു l/14/പൊ.ഭ.വ. തീയതി 17-12-2014)

ഭാഗം 2

## 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകളെ സംബന്ധിച്ച വിവരങ്ങൾ

| ശിപാർശ/ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് |
|---|---|
| 2, 3, 4, 5, 6 | പൊതുഭരണ വകുപ്പ് |
| 126 മുതൽ 134 വരെ | പ്രവാസി കേരളീയകാര്യ വകുപ്പ് |

ഉമ്മൻ ചാണ്ടി,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2015 ജൂലൈ 21.